കേരള ഗവർണ്ണർ

# ശ്രീ. ആർ. എൽ. ഭാട്ടിയ

2006 ജൂൺ 16-ാം തീയതി

# കേരള നിയമസഭയിൽ ചെയ്ത

# പ്രസംഗം

ബഹുമാനപ്പെട്ട സ്പീക്കർ, ബഹുമാന്യരായ നിയമസഭാംഗങ്ങളെ,

12-ാം കേരള നിയമസഭയുടെ ആദ്യ സമ്മേളനത്തിലേക്ക് അംഗങ്ങളെ ഊഷ്മളമായി സ്വാഗതം ചെയ്യുന്നതിനും ആശംസകൾ നേരുന്നതിനും എനിക്ക് അതിയായ സന്തോഷമുണ്ട്. ഇപ്പോൾ അധികാരത്തിലേക്കാരോഹണം ചെയ്തിട്ടുള്ള സർക്കാർ അംഗങ്ങളെ ഞാൻ അഭിനന്ദിക്കുകയും അവർക്ക് ആശംസകൾ നേരുകയും ചെയ്യുന്നു. നിലവിലുള്ള പ്രശ്നങ്ങൾക്കും വെല്ലുവിളികൾക്കുമിടയിലും അതുല്യമായ വളർച്ചയ്ക്ക് സജ്ജമായിരിക്കുന്ന മനോഹരമായ ഈ സംസ്ഥാനത്തെ വികസനത്തിന്റെ പാതയിലേക്ക് കൊണ്ടുവരുന്നതിനുള്ള കഴിവും പ്രതിബദ്ധതയും നിങ്ങൾക്കുണ്ട് എന്നെനിക്കുറപ്പുണ്ട്.

2. കേരള ജനത വളരെയധികം ആശയോടും പ്രതീക്ഷയോടും കൂടി ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക്, വ്യക്തവും അസന്നിഗ്ദ്ധവുമായ ജനവിധി നൽകുകയുണ്ടായി. കഴിഞ്ഞ 5 വർഷക്കാലത്ത് ജനജീവിതം ദുസ്സഹമാക്കിയ ആഗോളവൽക്കരണ നയപരിപാടികൾ, വ്യാപകമായ അഴിമതി, ക്രമസമാധാനത്തകർച്ച, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ, ജാതി-സമുദായ സ്പർദ്ധ എന്നിവയ്ക്കെതിരെയുള്ള ഒരു ജനവിധിയായിരുന്നു അത്. ഐക്യജനാധിപത്യ മുന്നണിയുടെ ഭരണത്തിൻകീഴിൽ ദുർബ്ബല ജനങ്ങളും ഉപജീവനത്തിനായി ആശ്രയിക്കുന്ന കൃഷി,

പരമ്പരാഗത വ്യവസായങ്ങൾ, മത്സ്യബന്ധനം തുടങ്ങിയ മേഖലകൾക്ക് നാശം സംഭവിച്ചുകൊണ്ടിരിക്കുന്നതും കർഷക ആത്മഹത്യകൾ ദുഃഖപൂർവ്വം വെളിപ്പെടുത്തുന്ന പ്രകാരമുള്ള തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്നതുമാണ്. ദാക്ഷിണ്യമില്ലാത്ത, ആഗോളവത്ക്കരണ നയങ്ങൾക്കിരയായവരുടെ സ്മരണയ്ക്കു മുമ്പിൽ ഞാൻ എന്റെ ആദരാഞ്ജലി അർപ്പിക്കുന്നു. ഈ മഹനീയ സഭയിലേക്ക് ജനങ്ങൾ അവരുടെ പ്രതിനിധികളെ തിരഞ്ഞെടുത്തത് ഇപ്പോഴത്തെ പ്രവണതകൾ മാറ്റപ്പെടുമെന്നും ഒരു സർവ്വതോന്മുഖമായ വികസനം ഉണ്ടാകുമെന്നുമുള്ള പ്രതീക്ഷയോടും ബോദ്ധ്യത്തോടും കൂടിയാണ്.

3. അതുല്യവും, ആഗോളതലത്തിൽ പ്രശംസ നേടിയിട്ടുള്ളതുമായ കേരളാ മോഡൽ വികസനത്തിന്റെ അടിസ്ഥാനം ശക്തിപ്പെടുത്തുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേരളത്തിന്റെ വികസന കാര്യത്തിൽ ബന്ധപ്പെട്ടിട്ടുള്ള ദുർബ്ബല കണ്ണികളെ തുടച്ചുനീക്കുന്നതിനും എന്റെ സർക്കാർ ദൃഢനിശ്ചയം ചെയ്തിട്ടുണ്ട്. നിങ്ങൾക്കറിയാവുന്നതുപോലെ കേന്ദ്ര സംസ്ഥാന ഗവൺമെന്റ് തലത്തിൽ നൂതന ഉദാരവത്ക്കരണ നയത്തിൽ വരുത്തിയ വ്യതിയാനംമൂലം നമ്മുടെ പൂർവ്വികർ ദശാബ്ദങ്ങൾ കൊണ്ട് വളർത്തി പരിപോഷിപ്പിച്ചെടുത്ത ക്ഷേമരാഷ്ട്രമെന്ന വ്യവസ്ഥിതി തകർക്കപ്പെടുകയുണ്ടായി. വാസ്തവത്തിൽ ഈ രീതിയിലുള്ള കേന്ദ്രാധിഷ്ഠിത വികസന രീതിയിൽ നിന്നുള്ള വ്യതിയാനമാണ് സംസ്ഥാനത്തിലെ ജനങ്ങളെ സർക്കാരിൽ മാറ്റം വരുത്തുന്നതിന് വേണ്ടി വോട്ട് ചെയ്യുന്നതിന് പ്രേരിപ്പിച്ച ഘടകം. അതുകൊണ്ട് തൊട്ടുമുമ്പ് വരെ സംഭവിച്ച മാറ്റങ്ങളെ തിരുത്തുന്ന

തിനും വളരെയധികം അവഗണിക്കപ്പെട്ട വിഭാഗങ്ങളുടെ ക്ഷേമം വർദ്ധിപ്പിക്കുന്നതിനുതകുന്ന സമഗ്ര വികസനത്തിന്റെയും ഐശ്വ ര്യത്തിന്റെയും പാതയിലേക്ക് സംസ്ഥാനത്തെ തിരികെ കൊണ്ടുവരുന്നതിനും എന്റെ സർക്കാർ തീരുമാനിച്ചു കഴിഞ്ഞു.

4. നിങ്ങളെല്ലാവരും ഈ ഉത്തരവാദിത്വത്തെക്കുറിച്ച് ബോധ്യ മുള്ളവരാണെന്നും സംസ്ഥാനത്തെ ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരുമെന്നും ഉള്ളതിൽ എനിക്ക് യാതൊരു സംശയവുമില്ല. എന്നിരുന്നാലും, പുതിയ സർക്കാർ ഏറ്റെടുക്കേണ്ടി വന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിമൂലം നാമെല്ലാവരും വളരെ യധികം പ്രയാസങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. സാമ്പത്തിക പ്രതിസന്ധിയും കടബാദ്ധ്യതയും പരിഹരിക്കുന്നതിനായുള്ള ഒരു സാമ്പത്തിക ക്രമീകരണ പരിപാടി പ്രഖ്യാപിച്ചുകൊണ്ട് അധികാരം ഏറ്റെടുത്ത ഐക്യ ജനാധിപത്യ മുന്നണി സർക്കാർ വർദ്ധിച്ച വരുമാനക്കുറവും ഇരട്ടിയോളമാകുന്ന കടബാദ്ധ്യതയും കാണിച്ചുകൊണ്ടുള്ള ബജറ്റ് സഭയുടെ പരിഗണനയിൽ വച്ചിട്ടാണ് അധികാരമൊഴിഞ്ഞുപോയത്. ഉൾപ്പെടുത്താത്തതും പെരുപ്പിച്ചതു മായ വരുമാനം കണക്കിലെടുത്തുകൊണ്ടുള്ള ഐക്യ ജനാധിപത്യ മുന്നണി സർക്കാരിന്റെ 2006-07-ലെ ബജറ്റ് നിർദ്ദേശ പ്രകാരം സംസ്ഥാന സർക്കാരിന്റെ പുതുക്കിയ വരുമാന സാമ്പത്തികക്കമ്മി സംസ്ഥാന ചരിത്രത്തിൽ എക്കാലത്തെക്കാളും ഉയർന്നതാണ്. 6450 കോടി രൂപയുടെ വാർഷിക പദ്ധതി, വരവിന്റെയും പദ്ധതിയേതര ചെലവുകളുടെയും ഭാരത്തിന് വരുമാനത്തിലുള്ള അപര്യാപ്തത നേരിട്ടുകൊണ്ടിരിക്കുകയാണ്. ചെലവിനത്തിൽ ശമ്പള പരിഷ്കര ണത്തിനും നൽകേണ്ട തുക, വളരെയേറെ കൊട്ടിഘോഷിക്കപ്പെട്ട

മൂന്ന് രൂപയ്ക്ക് അരി എന്ന പദ്ധതി, ക്ഷേമനിധി പെൻഷനുകളുടെ കുടിശ്ശിക, ചെയ്ത ജോലിക്ക് കരാറുകാർക്ക് കൊടുത്തുതീർക്കേണ്ട കുടിശ്ശിക എന്നിവയ്ക്കായി ഏകദേശം 2000 കോടി രൂപയുടെ ചെലവ് വരുന്നതാണ്. അവസാന ക്വാർട്ടറിനുമാത്രമായി ഏകദേശം 1700 കോടി രൂപ കണക്കാക്കുന്നു. വരവിനത്തിൽ പ്രധാന ഭീഷണി നേരിടുന്നത് സംസ്ഥാനത്തിന്റെ ഭാരിച്ച കടബാധ്യതയും സംസ്ഥാന വായ്പാ പരിധി 2500 കോടി രൂപയായി കുറവു ചെയ്യുന്നതിനുള്ള ഉദ്ദേശം കേരള സർക്കാരിനെ അറിയിച്ച കേന്ദ്ര ധനകാര്യ മന്ത്രാലയത്തിൽ നിന്നുമാണ്. കേരളം കടക്കെണിയിലകപ്പെട്ട സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യത 2000-2001-ൽ 23919 കോടി രൂപയായിരുന്നത് 2005-06-ൽ 45637 കോടി രൂപയായി വർദ്ധിച്ചു. കടബാധ്യതയുടെ യഥാർത്ഥ തോതായ, കടബാധ്യതയും സംസ്ഥാന ആഭ്യന്തര ഉല്പാദനവും തമ്മിലുള്ള അനുപാതം 2000-2001-ൽ 34 % ആയിരുന്നത്, 2005-06-ൽ 41 % ആയി വർദ്ധിച്ചു. ഉൾപ്പെടുത്താത്ത പദ്ധതിയേതര ചെലവുകൾ നടത്തുന്നതിന് അധിക വിഭവസമാഹരണം കണ്ടെത്തുകയും കടമെടുക്കുന്നതിനുള്ള പരിധി പുനഃസ്ഥാപിക്കുകയും ചെയ്യാത്തപക്ഷം, സംസ്ഥാനം വികസന ചെലവുകൾ അവസാനിപ്പിക്കേണ്ടിവരുന്ന ഒരു നിശ്ചലാവസ്ഥ അഭിമുഖീകരിക്കേണ്ടി വരും.

6. നാം തിരിച്ചറിയേണ്ട ഒരു അടിസ്ഥാന പ്രശ്നം നമ്മുടെ രാജ്യത്ത് കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിൽ അടുത്തകാലത്ത് ഉണ്ടായ പരിണാമമാണ്. കേരളത്തിലെ കാർഷിക പ്രതിസന്ധിയുമായി ബന്ധപ്പെടുത്തി, ഈ ഗതിമാറ്റത്തെ വ്യക്തമാക്കാവുന്നതാണ്.

ഈ പ്രതിസന്ധിക്ക് അടിസ്ഥാനമായ പ്രധാന ഘടകങ്ങൾ അധികവും കേരള സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്ക് അതീതവും, സംസ്ഥാനവുമായി യാതൊരുവിധ കൂടിയാലോചനകളും ഇല്ലാതെ ഈ നൂതന ഉദാരവൽക്കരണ നടപടികൾ സംസ്ഥാനത്തിനുമേൽ അടിച്ചേൽപ്പിക്കപ്പെട്ടതുകൊണ്ടാണ്. ലീഡ് ബാങ്ക് ദേശസാൽക്കരണം മുഖേന ഏർപ്പെടുത്തപ്പെട്ട വികസന ബാങ്കിംഗ് ഉപേക്ഷിച്ചതും, കേന്ദ്ര സബ്സിഡികൾ നിർത്തലാക്കിയതുമൂലം ഉണ്ടായ വായ്പാ ചെലവ് ഉൾപ്പെടെ കർഷകരുടെ ഉൽപാദന ചെലവിലുണ്ടായ വർദ്ധനവും, ലോക കമ്പോള വ്യതിയാനങ്ങളിൽ നിന്ന് കർഷകർക്ക് സംരക്ഷണം ലഭിക്കാതെ പോയതും ഇതിൽ ഉൾപ്പെടുന്നു.

൬. നമ്മുടെ ഭരണഘടന വിഭാവനം ചെയ്യപ്പെട്ടിട്ടുള്ള ഫെഡറൽ സംവിധാനത്തെ ഫലത്തിൽ യൂണിറ്ററിയായ ഒന്നാക്കി മാറ്റുന്ന നമ്മുടെ സമ്പദ്‌വ്യവസ്ഥയിലും ഭരണ സംവിധാനത്തിലുമുള്ള പുതിയതും അലോസരപ്പെടുത്തുന്നതുമായ ഒരു പ്രവണതയാണ് ഇത്. മറുത്ത് ഒന്നും പറയാനില്ലാതെ നയങ്ങൾ നടപ്പിലാക്കുന്നു എന്നുമാത്രമല്ല സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക അധികാരങ്ങൾക്കുമേലുള്ള ഒരു കടന്നുകയറ്റം കൂടിയാണ് ഈ പ്രവണത പ്രകടമാക്കുന്നത്. ഈ സന്ദർഭത്തിൽ, ഉദാഹരണമായി സംസ്ഥാനത്തിന്റെ പ്രധാന വരുമാനസ്രോതസായ വിൽപ്പന നികുതിക്കു പകരം, അവർക്കുവേണ്ടി നിശ്ചയിച്ച നിരക്കിലുള്ള മൂല്യവർദ്ധിത നികുതി കൊണ്ടുവന്നത് സംസ്ഥാന സർക്കാരിന് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള അനുകൂല സാഹചര്യം ഇല്ലാതാക്കി. കൂടാതെ സംസ്ഥാനത്തിന്റെ കമ്മി കുറയ്ക്കുന്നതിനുള്ള

പരിധികൂടി കേന്ദ്രം നിശ്ചയിക്കുകയും ചെയ്തു. നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക ജീവിതക്രമത്തിൽ ദേശീയ വികസന കൗൺസിലിന് ഉണ്ടായിരുന്ന പ്രാധാന്യം കുറയുകയും കേന്ദ്രസംസ്ഥാന ഇടപെടലുകളിൽ തുടർന്നുവന്ന ധനകാര്യ കമ്മീഷനുകൾ നിഷ്പക്ഷവുമായിരുന്നില്ല.

൭. രാജ്യത്തിലെ ഫുഡ് മാനേജ്മെന്റിൽ ഉണ്ടായ സമൂലമായ മാറ്റക്രമമാണ് ഇന്ന് നമ്മെ കൂടുതൽ അലോസരപ്പെടുത്തുന്നത്. ഭക്ഷ്യ ആവശ്യങ്ങളെ സംരക്ഷിക്കുന്ന ഒരു പൊതു വിതരണ സമ്പ്രദായം ഇവിടെ ഉണ്ടെന്ന വിശ്വാസത്തിൽ, നാണ്യ വിളകൾ ഉൽപ്പാദിപ്പിക്കുന്ന കേരളംപോലെയുള്ള സംസ്ഥാനങ്ങൾക്ക് അപ്രകാരം ചെയ്യാൻ കഴിയും. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ സംഭരണ പ്രവർത്തനങ്ങളിലൂടെ പൊതുവിതരണ സമ്പ്രദായം വളർന്നുവരുന്നു. ഈ മുഴുവൻ സംവിധാനവും ക്രമമായി നിർത്തലാക്കപ്പെട്ടുകൊണ്ടിരിക്കുന്നു. പൊതുവിതരണ സമ്പ്രദായത്തിൻകീഴിൽ കേരളംപോലെയുള്ള സംസ്ഥാനങ്ങൾക്കുള്ള വിഹിതം കുറവ് ചെയ്യപ്പെട്ടുവരുകയാണ്. പൊതുവിതരണത്തിൽ ഉൾപ്പെട്ട ഭക്ഷ്യവസ്തുക്കളുടെ വില ഉയർന്നുവരാൻ പോവുകയാണ് എന്ന് അറിയുന്നു. പൊതുവിതരണ സമ്പ്രദായം കുറച്ചുകൊണ്ടുവരുന്നത് കേരളംപോലെയുള്ള സംസ്ഥാനങ്ങളെ വളരെ ദോഷകരമായി ബാധിക്കുന്നതാണ്. രാജ്യത്തെ ഭക്ഷ്യ നയവും ഫുഡ് മാനേജ്മെന്റും രാജ്യത്തിന് വളരെ പ്രധാനപ്പെട്ടതും കേന്ദ്ര സർക്കാരിന്റെമാത്രം ചുമതലയായി കാണ പരിധിയിൽ ഉൾപ്പെട്ടതുമാണ്. കേന്ദ്രത്തോടൊപ്പം സംസ്ഥാന

ങ്ങളും പ്രതിനിധീകരിക്കുന്ന ദേശീയ വികസന കൗൺസിൽ എന്ന ഏക സ്ഥാപനമാണ് രാജ്യത്തിന് മുഴുവനായും ഇത് തീരുമാനിക്കേണ്ടത്.

8. സമീപകാലത്ത് കേന്ദ്ര സംസ്ഥാന ബന്ധങ്ങളിൽ കടന്നു കൂടിയ ചില അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിനായി വരും നാളുകളിൽ നമ്മുടെ സർക്കാർ മറ്റു സംസ്ഥാന സർക്കാരുകളുമായി ചേർന്ന് കഠിന പ്രയത്നം ചെയ്യുന്നതാണ്.

9. ശാരീരിക, മാനസിക അവശത അനുഭവിക്കുന്നവർ ഉൾപ്പെടെ സമൂഹത്തിലെ യാതന അനുഭവിക്കുന്ന വിഭാഗങ്ങളുടെ ആവശ്യങ്ങൾക്ക് മുന്തിയ പരിഗണന നൽകിക്കൊണ്ട് സംസ്ഥാനത്തിന്റെ നീതിപൂർവ്വമായ വളർച്ചയ്ക്ക് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. എന്റെ സർക്കാർ ജനങ്ങളുടെ അതിബൃഹത്തായ ജനവിധിയെ എപ്പോഴും മാനിച്ചുകൊണ്ട് ഉത്തരവാദിത്തത്തോടും വിനയഭാവത്തോടും കേരളത്തിന്റെ വികസനത്തിന് വിഘ്നമുണ്ടാക്കുന്ന പ്രതിബന്ധങ്ങളെ നീക്കം ചെയ്യുന്നതിനുവേണ്ടി പരിശ്രമിക്കുകയും ജനങ്ങളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതും കേരള ജനതയുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതുമായ, പുരോഗമനപരവും ജനകീയാധിഷ്ഠിതവും കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തിക വികസനത്തിൽ ശ്രദ്ധേയമായ പുരോഗതി കൊണ്ടുവരുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ളതുമായ ഒരു പ്രക്രിയയ്ക്ക് തുടക്കമിടുകയും ചെയ്യും. ഈ സർക്കാരിന്റെ കഴിവുറ്റതും കൂട്ടായതുമായ നേതൃത്വത്തിൻകീഴിൽ കേരളത്തിന്റെ യഥാർത്ഥവും എന്നാൽ ഇന്നോളം പ്രയോജനപ്പെടുത്താത്തതുമായ

സാദ്ധ്യതകൾ സാക്ഷാത്കരിക്കുകയും കേരളത്തിന്റെ വികസനത്തിലെ തിളക്കമാർന്ന ഘട്ടങ്ങളിലൊന്നായി ഇത് ചരിത്രത്തിൽ സ്ഥാനം പിടിക്കുകയും ചെയ്യും എന്ന് എനിക്ക് ഉറപ്പുണ്ട്.

൧൦. പൊതു ജീവിതത്തിൽ സുതാര്യതയും സത്യസന്ധതയും ഉയർത്തിപ്പിടിക്കുന്ന അഴിമതിരഹിത സർക്കാരിനാണ് എന്റെ സർക്കാർ മുന്തിയ പ്രാധാന്യം നൽകുന്നത്. സർക്കാരിന്റെ പൊതുവായ കാര്യങ്ങളും തീരുമാനങ്ങൾ കൈക്കൊള്ളുന്ന നടപടികളും സുതാര്യമായ രീതിയിൽ നടത്തുമെന്നും സ്വതന്ത്രവും നീതിപൂർവ്വകവുമായ രീതിയിലായിരിക്കും അവ നിർവ്വഹിക്കുക എന്നും നിങ്ങൾക്ക് ഉറപ്പ് നൽകുന്നതിൽ എനിക്ക് സന്തോഷമുണ്ട്. പൊതുജീവിതത്തിൽ നിന്നും അഴിമതിയുടെ ഭീഷണി ഉന്മൂലനം ചെയ്യുക എന്നത് എന്റെ സർക്കാരിന്റെ നിശ്ചയദാർഢ്യമായിരിക്കും. അഴിമതി, അതിന്റെ എല്ലാ രൂപത്തിലും ഭാവത്തിലും, നിർമ്മാർജ്ജനം ചെയ്യുന്നതിന് വളരെ കർക്കശമായ നടപടി സ്വീകരിക്കുന്നതായിരിക്കും. ഉത്തരവാദിത്വം ഉറപ്പാക്കുന്നതിനും ഏകപക്ഷീയത ഒഴിവാക്കുന്നതിനും വിവരാവകാശ നിയമം നടപ്പിലാക്കുന്നതിനും എന്റെ സർക്കാർ പൂർണ്ണ സഹകരണം നൽകുന്നതാണ്.

൧൧. സംസ്ഥാനം അഭിമുഖീകരിക്കുന്ന അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ എന്ന പ്രശ്നത്തിന് പരിഹാരം കാണുന്നതിന് സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുവാൻ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതിന് ഉയർന്ന തോതിലുള്ള മൂലധന നിക്ഷേപം, വിഭവങ്ങളുടെ

ഉപയോഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കൽ, അതിവേഗ വളർച്ചയ്ക്ക് സാദ്ധ്യതയുള്ള മേഖലകൾക്ക് കൊടുക്കുന്ന അധിക പ്രാധാന്യം എന്നിവ ഉണ്ടായിരിക്കേണ്ടതാണ്. ഐ. റ്റി., ബയോ ടെക്നോളജി പോലെയുള്ള വിജ്ഞാന വ്യവസായങ്ങളും വിനോദ സഞ്ചാരം പോലെയുള്ള സേവന വ്യവസായങ്ങളും വളർന്നുകൊണ്ടിരിക്കുന്ന പുതിയ മേഖലകളാണ്. ഇത് മുൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ തുടങ്ങിവച്ചതിന്റെ ഒരു പുനരാവിഷ്കരണമാണ്. വളർച്ചയുടെ നൂതന മേഖലകളിലേക്ക് സംസ്ഥാനം അതിവേഗം മുന്നേറുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും മാനവശേഷി വികസിപ്പിക്കുന്നതിനും നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും നാം പ്രതിജ്ഞാബദ്ധമാണ്.

12. എന്നാൽ, നമ്മുടെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളും ഉപജീവനത്തിന് ആശ്രയിക്കുന്ന കൃഷി, പരമ്പരാഗത വ്യവസായങ്ങൾ, മത്സ്യബന്ധനം എന്നിവയെ നാം അവഗണിക്കുകയില്ല. ഈ മേഖലകൾ പുനരുദ്ധരിക്കുന്നതിനും, ഐക്യ ജനാധിപത്യ മുന്നണിയെപ്പോലെ അവയെ ആഗോളവൽക്കരണത്തിന്റെ ഭീഷണിയെ ചെറുത്തു നിൽക്കുന്നതിന് ശക്തിപ്പെടുത്തുന്നതിനും അദ്ധ്വാനവർഗ്ഗത്തിന്റെ ക്ഷേമം വർദ്ധിപ്പിക്കുന്നതിനുമുള്ള പരിപാടികൾ ആസൂത്രണം ചെയ്യുന്നതാണ്. വിദ്യാഭ്യാസം, ആരോഗ്യം, ക്ഷേമം ഇവയുടെ പൊതു അടിസ്ഥാനസൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും സേവനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുംകൂടി നാം പ്രതിജ്ഞാബദ്ധമാണ്. വികസന പ്രക്രിയയുടെ മുഖ്യധാരയിൽ നിന്നും, ഒഴിവാക്കപ്പെട്ട ആദിവാസികൾ, ദളിത്

മത്സ്യത്തൊഴിലാളികൾ എന്നീ സമൂഹങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുന്നതാണ് വികസന പ്രക്രിയ സ്ത്രീ-പുരുഷ സമത്വം ശക്തിപ്പെടുത്തുന്നവയാണ് എന്നു കൂടി ഉറപ്പാക്കേണ്ടതാണ്.

13. കാർഷിക മേഖലയിലേയും മറ്റ് ചെറുകിട മേഖലകളിലേയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, പൊതു സേവനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും, ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ജനപങ്കാളിത്തത്തോടെ തീരുമാനം എടുക്കുകയും വികസന പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുകവഴി പൊതുഭരണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ജനാധിപത്യ വികേന്ദ്രീകരണം ഒരു മുഖ്യ പങ്ക് വഹിക്കുന്നതാണ്.

14. 1997-2001-ലെ ജനകീയാസൂത്രണ പദ്ധതി നല്കിയത് ഈ തിരിച്ചറിവായിരുന്നു. ജനകീയാസൂത്രണ പദ്ധതിയുടെ വിജയം രാജ്യത്തെ വികേന്ദ്രീകരണ പ്രക്രിയയിൽ കേരളത്തെ മുൻപന്തിയിലെത്തിച്ചു. എന്നിരുന്നാലും, കഴിഞ്ഞ 5 വർഷക്കാലയളവിൽ ജില്ലാ ആസൂത്രണ പദ്ധതികൾ, മൈക്രോ വാട്ടർ ഷെഡ് പ്രോഗ്രാം, അയൽക്കൂട്ടങ്ങളെ ഗ്രാമസഭയോട് ബന്ധിപ്പിക്കൽ തുടങ്ങിയ പല ഉദ്യമങ്ങളും കൈകാര്യം ചെയ്യാതെ മാറ്റിവയ്ക്കപ്പെടുകയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അവകാശങ്ങൾക്കുമേൽ കടന്നുകയറ്റം നടത്തുകയും, ജനകീയ പങ്കാളിത്തത്തെ നിരുത്സാഹപ്പെടുത്തുകയും ആസൂത്രണ പ്രക്രിയ കേവലം ചടങ്ങാക്കി നിസ്സാരവൽക്കരിക്കുകയും ചെയ്തു.

15. വികേന്ദ്രീകരണം പുനരുജ്ജീവിപ്പിക്കും എന്ന എന്റെ സർക്കാരിന്റെ പ്രതിജ്ഞാബദ്ധത ഞാൻ സസന്തോഷം ആവർത്തിക്കട്ടെ.

ഈ പ്രതിജ്ഞാബദ്ധത യാഥാർത്ഥ്യമാക്കി മാറ്റുന്നതിനുള്ള ആദ്യ നടപടികൾ ഇതിനോടകം എടുക്കുകയുണ്ടായി. ഗ്രാമവികസനം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾ സംയോജിപ്പിച്ചുകഴിഞ്ഞു. അടുത്ത പടിയായി, കേരളത്തിലെ പഞ്ചായത്തുകൾക്കായി ഒരു സംയോജിത പ്രൊഫഷണൽ സപ്പോർട്ട് സിസ്റ്റം കൊണ്ടുവരുന്നതിനായി ഈ പ്രക്രിയ അതിന് താഴോട്ട് തുടർന്നു വരുന്ന സ്ഥാപനങ്ങളിലേക്കും ഏജൻസികളിലേക്കും അവസാന പടിവരെ എത്തിക്കുന്നതുമാണ്. കഴിഞ്ഞ ബഡ്ജറ്റിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഏറ്റവും കുറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലും പ്രധാനമായും കുടുംബശ്രീ പദ്ധതി മുഖേന പാവങ്ങളിലേക്ക് എത്തിച്ചേരുന്നതിലും അവരുടെ ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിലും സ്തുത്യർഹമായ പങ്ക് വഹിക്കാൻ കഴിഞ്ഞു. അടുത്ത പടിയായി പ്രാദേശിക സാമ്പത്തിക വികസനം, മാനവശേഷി വികസനം, ഉത്തരവാദിത്വത്തോടെയുള്ള ഭരണം എന്നീ മൂന്ന് പ്രധാന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

18. പ്രാദേശിക സാമ്പത്തിക വികസനത്തിന് പരമപ്രധാനം കൃഷി പുനരുദ്ധരിക്കേണ്ടതുണ്ട്. അതിന് സംയോജിത വാട്ടർഷെഡ് മാനേജ്മെന്റിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. പാലക്കാട്, വയനാട് എന്നീ പിന്നാക്ക ജില്ലകളിൽ കേന്ദ്രസഹായത്തോടെ അനുവദിച്ച ദേശീയ ഗ്രാമ തൊഴിൽ ഉറപ്പ് പദ്ധതി ഈ രണ്ട് ജില്ലകളിലെ കാർഷിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന്, ദരിദ്രരായ കർഷക തൊഴിലാളികൾക്ക് പ്രത്യേകിച്ചും പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ഏറ്റവും ആവശ്യമായ തൊഴിൽ

നൽകിക്കൊണ്ടിരിക്കെത്തന്നെ നടപ്പിലാക്കുന്നതാണ്. ഈ പദ്ധതിയെ ഒരു ദേശീയ മാതൃക ആക്കുന്നതിന് ഞങ്ങൾ ആത്മാർത്ഥമായി പരിശ്രമിക്കുന്നതാണ്. കൃഷി വികസനം പരിപൂർണ്ണമാക്കുന്നതിന്, കുട്ടായ്മയുടെ നേട്ടങ്ങൾ ലഭ്യമാക്കുന്നതിനും വിപണനം വർദ്ധിപ്പിക്കുന്നതിനുമായി ഗ്രാമീണ കച്ചവട കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. കുടുംബശ്രീയുടെ ഉൽപന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതും വിപണനം വർദ്ധിപ്പിക്കുന്നതുമായിരിക്കും ഇതു സംബന്ധിച്ച മുഖ്യ ഊന്നം.

17. അംഗൻവാടികൾ, സ്കൂളുകൾ, ആശുപത്രികൾ മുതലായ മാനവശേഷി വികസനത്തോട് ബന്ധപ്പെട്ട എല്ലാ പൊതുസ്ഥാപനങ്ങളുടെയും ഉടമസ്ഥരും നടത്തിപ്പുകാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ഈ സ്ഥാപനങ്ങൾ വഴി നൽകപ്പെടുന്ന സേവനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നയപരമായ ഒരു മാറ്റത്തെക്കുറിച്ച് വിഭാവനം ചെയ്യുന്നു. പ്രാദേശിക ഭരണകർത്തൃത്വം കൂടുതൽ ഉത്തരവാദിത്വമുള്ളതാക്കുവാൻ നടപടിക്രമങ്ങളും ഭരണ സമ്പ്രദായവും സമൂലമായി ഉടച്ചുവാർക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്നു. സോഫ്റ്റ്‌വെയർ പരിശീലനവും, സാങ്കേതിക സഹായവും സർക്കാർ നൽകിക്കൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്വന്തമായി കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള സ്വാതന്ത്ര്യം നൽകി കമ്പ്യൂട്ടർവൽക്കരണം പുനരാരംഭിക്കുക എന്നതായിരിക്കും ഇതിന്റെ മർമ്മ പ്രധാനമായ ഒരു ഘടകം.

18. കേരളത്തിന്റെ വികേന്ദ്രീകരണ സംവിധാനം ഒരു ദേശീയ മാതൃകയായി തീർന്നുവെങ്കിലും എന്റെ സർക്കാർ അത് വീണ്ടും

മുന്നോട്ട് കൊണ്ടുപോകുന്നതിനും നല്ല രീതിയിൽ സംയോജിതമായ ജില്ലാ പദ്ധതികൾ തയ്യാറാക്കുന്നതിനും ഉദ്ദേശിക്കുന്നു. ജില്ലാ പദ്ധതികളോടൊപ്പം മൈക്രോ വാട്ടർഷെഡ് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന് തുടക്കം കുറിക്കുന്ന നടപടികൾ സ്വീകരിക്കുന്നത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 11-ാമത് പഞ്ചവത്സര പദ്ധതിയുടെ അടിസ്ഥാനമായിരിക്കും. വാട്ടർഷെഡ് മാസ്റ്റർ പ്ലാനും 11-ാം പഞ്ചവത്സര പദ്ധതിയും തയ്യാറാക്കുന്ന രീതി, ആസൂത്രണ പ്രക്രിയയിൽ ജനകീയ പങ്കാളിത്തവും, സുതാര്യതയും ശാസ്ത്രീയമായ ലക്ഷ്യവും ഉറപ്പുവരുത്തുന്ന വിധത്തിലായിരിക്കും. ഇതിന്റെ തുടർച്ചയെന്നോണം, ഓരോ തദ്ദേശ ഭരണ സ്ഥാപനവും എല്ലാ പൊതു ആസ്തികളും സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുകയും അവ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് സംരക്ഷിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് മുന്തിയ പരിഗണന നൽകുകയും ചെയ്യും.

19. ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ മുഖേന ആരംഭിച്ച നാഷണൽ അർബൻ ഡവലപ്മെന്റിന്റെ സാധ്യതകൾ ഇതുവരെ കേരളം പ്രയോജനപ്പെടുത്തിയിട്ടില്ല. എന്റെ സർക്കാർ തിരുവനന്തപുരത്തിനും കൊച്ചിക്കും വേണ്ടിയുള്ള നഗര വികസന പദ്ധതികളും, നിക്ഷേപ പദ്ധതികളും ഉടൻതന്നെ വികസിപ്പിച്ചെടുക്കുകയും അതുപോലെതന്നെ പുതിയ ദേശീയ പദ്ധതിയിൽ നിന്നും പരമാവധി പ്രയോജനം ലഭിക്കുന്നതിനായി നഗര ദാരിദ്ര്യ ലഘൂകരണ പദ്ധതി നടപ്പാക്കുന്നതോടൊപ്പം ചെറിയ നഗരങ്ങൾക്കായുള്ള സമഗ്രമായ പദ്ധതികളും വികസിപ്പിച്ചെടുക്കുന്നതാണ്. ഇതിനായി നഗര-ഗ്രാമ ആസൂത്രണ വകുപ്പിന്റെ സേവനങ്ങൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതാണ്.

20. 1999-ൽ കേരള പഞ്ചായത്ത്‌രാജ് ആക്റ്റും, കേരളാ മുനിസിപ്പാലിറ്റി ആക്റ്റും പുനർ രൂപീകരിച്ച് പരിഷ്ക്കരിക്കുകയുമുണ്ടായി. പ്രായോഗിക പരിചയത്തിന്റെ അടിസ്ഥാനത്തിലും സംസ്ഥാനത്തെ മൂന്ന് ധനകാര്യ കമ്മീഷനുകളുടെ ശുപാർശകളുടെ വെളിച്ചത്തിലും, ഈ രണ്ട് ആക്റ്റുകളിലും ധാരാളം ഭേദഗതികൾ വരുത്തുന്നതിനായി ഇപ്പോൾ പദ്ധതി ഇട്ടിട്ടുണ്ട്. സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്ലിന്ത് ഏരിയാ അടിസ്ഥാനപ്പെടുത്തി വസ്തു നികുതി ഏർപ്പെടുത്തുന്നതിന് അടിയന്തിര പരിഗണന നൽകി ഈ വർഷം മുതൽതന്നെ നടപ്പിലാക്കുന്നതാണ്. ലളിതവും, സുതാര്യവുമായ ഈ രീതിപ്രകാരം പൗരന്മാർക്ക് സ്വമേധയാ വസ്തു നികുതി കണക്കാക്കുന്നതിന് സാധ്യമാവുകയും അഴിമതിയും, കൃത്രിമവും ഉണ്ടാകുവാനുള്ള സാദ്ധ്യതകൾ ഒഴിച്ച് അവസാനിപ്പിക്കുവാൻ കഴിയുകയും ചെയ്യും.

21. കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) ഇതിനോടകം ദേശീയ അംഗീകാരം നേടിക്കഴിഞ്ഞു. എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകളുടെ ശൃംഖലയുമായും സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റുമായും (എസ്. ഐ. ആർ. ഡി.) സംയോജിപ്പിച്ച് തെക്കേ ഏഷ്യയിലെ തദ്ദേശഭരണക്രമത്തിന്റെ മികവിന്റെ കേന്ദ്രമായി അതിന്റെ പദവി ഉയർത്തുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന്, ഇതിനെ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

22. ഇറക്കുമതി നയത്തിന്റെയും, കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിയ മറ്റ് ആഗോളവൽക്കരണ നടപടികളുടെയുംഫല

നിയന്ത്രണം ഏർപ്പെടുത്തുവാൻ കഴിയില്ലെങ്കിലും എന്റെ സർക്കാർ സംസ്ഥാനത്തെ കാർഷിക പ്രതിസന്ധി തരണം ചെയ്യുന്നതിന് മുന്തിയ പരിഗണന നൽകുവാൻ ഉദ്ദേശിക്കുന്നു. വാട്ടർഷെഡ് അധിഷ്ഠിത പ്ലാനിംഗ്, മെച്ചപ്പെട്ട വായ്പാ സൗകര്യങ്ങൾ, കൃപരിരക്ഷണ നടപടി, വാട്ടർ മാനേജ്മെന്റ് സ്ഥാപനങ്ങൾ, കാർഷിക രംഗത്ത് മെച്ചപ്പെട്ട സാങ്കേതിക വിദ്യ സ്വീകരിക്കൽ, വിളവെടുപ്പിനു ശേഷമുള്ള നടപടികൾ, കാർഷിക സംസ്കരണത്തിലൂടെയുള്ള മൂല്യവർദ്ധനവ് എന്നിവയിലൂടെ ഉല്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനായിരിക്കണം ഫെഡറൽ സംവിധാനത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ടുള്ള നമ്മുടെ ശ്രമങ്ങൾ. ജൈവ സാങ്കേതിക വിദ്യയും, ജൈവ കൃഷി രീതിയും മറ്റ് നൂതനമായ കാർഷിക രീതികളും പ്രചരിപ്പിക്കുന്നതാണ്. ഔഷധസസ്യങ്ങൾ, പഴം, പച്ചക്കറികൾ എന്നിവയുടെ കാർഷിക കയറ്റുമതി മേഖലകൾ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കുന്നതാണ്.

23. ആത്മഹത്യ ചെയ്ത കർഷകരുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് എന്റെ സർക്കാർ ഇതിനോടകം തീരുമാനിച്ചിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ, പലിശഭാരം ലഘൂകരിക്കൽ, വായ്പയുടെ പുനഃക്രമീകരണം മുതലായ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളുമായിട്ടുള്ള ചർച്ച ഇതിനകം സർക്കാർ ആരംഭിച്ചുകഴിഞ്ഞു. ഇതിനുപുറമെ സ്വകാര്യ പണമിടപാടുകാരിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ സംബന്ധിച്ച പ്രശ്നങ്ങളിലേക്ക് ഇടപെടുന്നതിനായി അർദ്ധ ജുഡീഷ്യൽ അധികാരത്തോടുകൂടിയ ഒരു ഋണാശ്വാസ കമ്മീഷൻ രൂപീകരിക്കുന്നത് എന്റെ സർക്കാർ പരിഗണിച്ചുവരികയാണ്. കഴിഞ്ഞ

കാലങ്ങളിൽ വായ്പകളിൽ ചുമത്തപ്പെട്ട അമിതമായ പലിശകളിൻമേൽ ഇപ്പോൾ നിശ്ചയിക്കേണ്ട ഉചിതമായ നിരക്കിനെ സംബന്ധിച്ചും, സാധ്യമായിടത്തോളം സർക്കാർ ബാധ്യതകളൊന്നായി വർത്തിച്ചുകൊണ്ട് ബാങ്കുകളെ കടം എഴുതിത്തള്ളിക്കുന്നതിനെ സംബന്ധിച്ചുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനും, കർഷകർക്ക് വേണ്ടി മുഴുവൻ കടവും കൊടുത്തുതീർക്കുവാൻ സർക്കാരിന് കഴിയുന്നിടത്ത് നിലവിലുള്ള കർഷകരുടെ കടം എഴുതിത്തള്ളുന്ന സംഗതിയിൽ തീരുമാനം എടുക്കുന്നതിനും ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതാണ്.

24. കാർഷിക വായ്പയുടെ ഏകദേശം പകുതിയോളം പ്രദാനം ചെയ്യുന്ന സഹകരണ മേഖല കടക്കെണിയിൽ അകപ്പെട്ട കർഷകർക്ക് ആശ്വാസമേകുന്നതിൽ മുൻനിരയിൽ നിൽക്കുന്നു. സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പകളുടെ തിരിച്ചടവിന് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. കാർഷിക വായ്പയിൻമേലുള്ള പലിശയിൽ ഇളവ് അനുവദിക്കുന്നതിനുള്ള പദ്ധതികളെക്കുറിച്ച് സർക്കാർ ആലോചിച്ചുവരുന്നു. സഹകരണ സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പയുടെ തിരിച്ചുപിടിക്കൽ നടപടികൾ ഒരു വർഷത്തേക്ക് നീട്ടിവയ്ക്കുന്നതിനും, ഒരു വർഷത്തേക്ക് തിരിച്ചുപിടിക്കൽ വേണ്ടെന്നുവച്ച് കാർഷിക വായ്പയുടെ അത്രയും തുക സഹകരണ സംഘങ്ങൾക്ക് നബാർഡിൽ നിന്നോ മറ്റ് ധനസ്ഥാപനങ്ങളിൽ നിന്നോ നൽകുന്നതുമാണ്. 'അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കോസ്റ്റ് റിലീഫ്' സ്കീമിൻ കീഴിൽ കാർഷിക വായ്പാ ഇനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക ഉടൻതന്നെ വിതരണം ചെയ്യുന്നതാണ്.

25. ഈ വർഷം 50,000 പുതിയ കിസാൻ ക്രെഡിറ്റ് കാർഡുകൾ പ്രാഥമിക അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സഹകരണ സംഘങ്ങൾ മുഖേന നൽകുന്നതായിരിക്കും. അർഹരായ എല്ലാ അപേക്ഷകർക്കും കാലവിളംബം കൂടാതെ വിദ്യാഭ്യാസ വായ്പ, സഹകരണ വായ്പാ സ്ഥാപനങ്ങൾ മുഖേന അനുവദിക്കുന്നത് ഉറപ്പ് വരുത്തുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതാണ്. എൻ. സി. ഡി. സി. സഹായത്തോടെയുള്ള ഐ. സി. ഡി. പി. പദ്ധതിയുടെ ഒന്നാം ഘട്ടം വിജയകരമായി പൂർത്തിയാക്കിയിട്ടുള്ള വയനാട് ജില്ലയിൽ രണ്ടാം ഘട്ടം നടപ്പിലാക്കുന്നതാണ്.

26. ഒരു സ്ഥലത്തുനിന്നും കർഷകരുടെ എല്ലാ സേവന ആവശ്യങ്ങളും ലഭ്യമാക്കാൻ കൃഷിഭവനുകൾ സജ്ജീകരിക്കുന്നതിനും അവയെ ഫലപ്രദമായ സേവനകേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്തുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ചെറുകിട നാമമാത്ര കർഷകരിലെ ഏറ്റവും അർഹതപ്പെട്ട ആളുകളിൽ ഈ സഹായം പ്രത്യേകിച്ചും ദുരന്തവേളകളിൽ എത്തിച്ചേരുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് വേണ്ടി, സർക്കാർ ഇത്തരത്തിലുള്ള കർഷകരെ കണ്ടെത്തുന്നതിനും അവർക്ക് അടിയന്തിര സഹായം ലഭ്യമാക്കുന്നതിനും വേണ്ടി ശരിയായ തിരിച്ചറിയൽ രേഖകൾ നൽകുന്നതിനുള്ള പരിശ്രമം ആരംഭിക്കുന്നതാണ്.

27. നെൽകൃഷി ചെയ്യുന്ന പാടശേഖരങ്ങളുടെ വിസ്തൃതിയിൽ വന്ന കുറവും കാർഷികേതരവും വാണിജ്യപരവുമായ ആവശ്യങ്ങൾക്കുവേണ്ടി പാടശേഖരങ്ങൾ പരിവർത്തനപ്പെടുത്തുന്നതും ഉടനടി കൈകാര്യം ചെയ്യേണ്ട ഗൗരവമായ

പ്രശ്നങ്ങളാണ്. ജലസംതുലിതാവസ്ഥ നിലനിറുത്തുന്നതിലൂടെ പരിസ്ഥിതി സംരക്ഷണത്തിൽ പാടശേഖരങ്ങൾക്ക് മുഖ്യമായ ഒരു പങ്കുള്ളതും അതിനാൽ നെല്ലുൽപാദനം വർദ്ധിപ്പിക്കുന്നത് മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള നെൽകൃഷി പദ്ധതികൾ നടപ്പിലാക്കുന്നതിലുപരി, സമൂഹത്തെയും തദ്ദേശഭരണ സ്ഥാപനങ്ങളെയും മറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടും പങ്കെടുപ്പിച്ചുകൊണ്ടും അരിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പാരിസ്ഥിതിക സംരക്ഷണവും പരിപാലനവും ലക്ഷ്യമിട്ടുകൊണ്ടുള്ള പരിപാടികൾ പുനരാവിഷ്കരിക്കുന്നതാണ്. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി ഒരു പാഡി ബോർഡ് രൂപീകരിക്കുന്നതാണ്.

28. കേര കാർഷിക സമ്പദ് വ്യവസ്ഥ നേരിടുന്ന പ്രതിസന്ധി സമഗ്രമായ രീതിയിൽ പരിഹരിക്കുന്നതിന് ഓരോ പഞ്ചായത്തിലും കേര സംഘങ്ങൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു. മണ്ഡരിയെന്ന പ്രശ്നം നേരിടുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ കർഷകരുടെ നേരിട്ടുള്ള പങ്കാളിത്തത്തോടുകൂടി, ആസൂത്രണ കമ്മീഷൻ അംഗീകരിച്ച പ്രകാരമുള്ള 1024 കോടി രൂപയുടെ ചെലവ് വരുന്ന മാനേജ്മെന്റ് ഓഫ് റൂട്ട് വിൽറ്റ് ഡിസീസ് പദ്ധതി ഗ്രൂപ്പ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതാണ്.

29. നിലവിലുള്ള കന്നുകാലി കർഷകരെ മൃഗസംരക്ഷണ മേഖലയിൽ നിലനിർത്തുന്നതിനും, പാവപ്പെട്ട ഗ്രാമീണരുടെ ഇടയിൽ, കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുമായി പദ്ധതികൾക്ക് രൂപം കൊടുക്കുക എന്നതായിരിക്കും നമ്മുടെ പ്രയത്നം. സാമ്പത്തികവും, പോഷക സുരക്ഷയും പ്രദാനം ചെയ്യുന്നതിൽ

കന്നുകാലികൾ ഒരു പ്രധാന പങ്ക് വഹിക്കുന്നതിനാൽ ഇതിന് അതീവ പ്രാധാന്യമുണ്ട്. സംസ്ഥാനത്തെ കന്നുകാലി സമ്പത്തിന്റെ എണ്ണത്തിലും ഗുണത്തിലും വർദ്ധനവ് വരുത്തുന്നതിന് എന്റെ സർക്കാർ പ്രയത്നിക്കുന്നതാണ്. ഗാർഹിക തലത്തിൽ ഉല്പാദന പ്രക്രിയ സംയോജിപ്പിച്ചുകൊണ്ട് പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിലുള്ള വർദ്ധനവ് നേടിയെടുക്കാവുന്നതാണ്. ഇത് ദീർഘകാലാടിസ്ഥാനത്തിൽ കൂടുതൽ സ്വയംതൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും അതോടൊപ്പം ദുർബല വിഭാഗങ്ങളുടെ വരുമാനത്തിൽ വർദ്ധന വരുത്തുന്നതിന് സഹായിക്കുകയും ചെയ്യും.

30. ഈ ലക്ഷ്യം നേടുന്നതിന് ഞങ്ങൾ കുടുംബശ്രീ ശൃംഖലകളെ പങ്കെടുപ്പിച്ചു കൊണ്ട് സമഗ്ര കോഴിവളർത്തലിനും വിപണന ശൃംഖല വികസിപ്പിക്കുന്നതിനും വേണ്ടി പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്ന പ്രക്രിയ പൂർത്തീകരിക്കുവാൻ ആഗ്രഹിക്കുന്നു. കന്നുകാലികളുടെയും ക്ഷീരോല്പന്നങ്ങളുടെയും വ്യാപാരം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി കേരളത്തെ ഒരു രോഗ വിമുക്ത മേഖലയാക്കുന്നതിനുവേണ്ടി രോഗ നിയന്ത്രണ പദ്ധതികൾ ഏറ്റെടുക്കുന്നതാണ്. ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്തിന് പുറത്ത് നിന്ന് കൊണ്ടുവരുന്ന പാലുൾപ്പെടെ, വിതരണം നടത്തുന്ന പാലിന്റെ ഗുണനിലവാരം നിരീക്ഷിക്കുന്നതാണ്. ക്ഷീരകർഷകർക്ക് വേണ്ടിയുള്ള ക്ഷേമനിധി പദ്ധതി ശക്തിപ്പെടുത്തുന്നതിനുകൂടി സർക്കാർ ഉദ്ദേശിക്കുന്നു.

31. മത്സ്യത്തൊഴിലാളികൾ സമൂഹത്തിലെ ദുർബ്ബലവിഭാഗത്തിൽപ്പെട്ടവരും വികസന പ്രക്രിയയിൽ നിന്നും മാറ്റിനിർത്തപ്പെട്ടവരുമാണ്. ഒരു തലത്തിൽ വിഭവ ശോഷണവും മറ്റൊരു

ത്രത്തിൽ മത്സ്യബന്ധനത്തിനുള്ള വർദ്ധിച്ച ചെലവും വർഷങ്ങളായുള്ള അവരുടെ പിന്നോക്കാവസ്ഥയ്ക്ക് ആക്കം കൂട്ടി. ഗവേഷണ സ്ഥാപനങ്ങളും അതുപോലുള്ള മറ്റു വകുപ്പുകളും മുഖാന്തിരം നടപ്പിലാക്കുന്നതിനായി തീരദേശ വികസനത്തിനുവേണ്ടി ഒരു സമഗ്രപദ്ധതി ആവിഷ്കരിക്കുന്നതാണ്. ഓരോ കുടുംബത്തിനും പാർപ്പിടം, കക്കൂസ്, കുടിവെള്ളം, വൈദ്യുതി എന്നിവ നൽകുന്നതിനുള്ള പദ്ധതിയായിരിക്കും ഏറ്റവും പ്രധാന ഘടകം. സുനാമി ബാധിത പ്രദേശങ്ങളിൽ 'സീഫുഡ് കിച്ചൻ യൂണിറ്റുകൾ' പൊതുസ്വകാര്യങ്ങളുടെ സഹായത്തോടുകൂടിയ മൂല്യവർദ്ധനവിനുവേണ്ടിയുള്ള മത്സ്യോൽപ്പന്നങ്ങളുടെ സംയോജിത മത്സ്യസംസ്കരണ യൂണിറ്റുകൾ, അലങ്കാര മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ, കല്ലുമ്മക്കായ് കൃഷി, മൂല്യവർദ്ധിത കയറുൽപ്പന്നങ്ങളുടെ കേന്ദ്രങ്ങൾ, തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകൾ, പച്ച മത്സ്യം വിൽക്കുന്ന പരിഷ്കരിക്കപ്പെട്ട വിൽപ്പന യൂണിറ്റുകൾ, സഹകരണ അടിസ്ഥാനത്തിൽ നടപ്പിലാക്കാവുന്ന സമാനമായ മറ്റു പദ്ധതികൾ എന്നിവ പോലുള്ള ജീവനോപാധികൾ പുനഃസ്ഥാപിക്കുന്നതിനുള്ള പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതാണ്. തീരദേശവാസികളുടെ ഉപജീവനമാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പങ്കാളിത്ത തീരദേശ വനവൽക്കരണം, തീരസംരക്ഷണ പരിപാടികൾ, കണ്ടൽക്കാടുകളുടെ സംരക്ഷണം എന്നിവയ്ക്ക് പ്രോത്സാഹനം നൽകുന്നതാണ്. അലങ്കാര മത്സ്യങ്ങൾക്കായി അക്വാപാർക്കുകൾ സ്ഥാപിക്കുകയും ഉൾനാടൻ ജലാശയങ്ങളിലും ലവണജലത്തിലും മത്സ്യം വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുമായി ഒരു മിഷൻ

ഷോഡ്യാൻ പദ്ധതികൾ ആരംഭിക്കുന്നതാണ്. ട്യൂണ മത്സ്യസമ്പത്ത് ചൂഷണം ചെയ്യുന്നതിനുവേണ്ടി ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനും മത്സ്യബന്ധന തുറമുഖങ്ങളുടെ ശുചിത്വ നിലവാരം മെച്ചപ്പെടുത്തുന്നതിനും സുനാമിമൂലം നാശം സംഭവിച്ച മത്സ്യബന്ധന തുറമുഖങ്ങളുടെയും ലാൻഡിംഗ് സെന്ററുകളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പുനർനിർമ്മിക്കുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. പദ്ധതിക്ക് വിവിധ സ്രോതസ്സുകളിൽ നിന്ന് ധനം സമാഹരിക്കുന്നതും അതിൽ ഏറ്റവും പ്രധാനപ്പെട്ടത് 400 കോടി രൂപയുടെ സുനാമി പുനരധിവാസ പദ്ധതിയുമാണ്. മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് മത്സ്യക്കയറ്റുമതിക്കാർ സെസ്സ് അടയ്ക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ നിയമ നിർമ്മാണം നടത്തുന്നതിനായിട്ടുള്ള എല്ലാ ശ്രമങ്ങളും നടത്തുന്നതാണ്. എല്ലാ മത്സ്യബന്ധന കുടുംബങ്ങൾക്കും പട്ടയമോ, കൈവശരേഖയോ ഉറപ്പുവരുത്തുന്നതാണ്.

32. എന്റെ സർക്കാർ വനപരിപാലനത്തിനും സംരക്ഷണത്തിനും സംസ്ഥാനത്തെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും വേണ്ടി സാധ്യമായ എല്ലാ നടപടികൾ കൈക്കൊള്ളുന്നതാണ്. ആറു മാസത്തിനകം സംസ്ഥാനത്തിനുവേണ്ടി ഒരു പുതിയ വന നയം രൂപീകരണം, മറയൂരിലെ ചന്ദനക്കാടുകളുടെ സംരക്ഷണം, വരുന്ന സാമ്പത്തിക വർഷത്തിൽ പൊതുമേഖലയിൽ/സഹകരണ മേഖലയിൽ ഒരു ചന്ദനത്തൈല ഫാക്ടറി സ്ഥാപിക്കൽ, കണ്ടൽക്കാടുകളുടെ സംരക്ഷണം എന്നിവയാണ് എന്റെ സർക്കാർ മുൻഗണനാക്രമത്തിൽ എടുക്കുന്ന പ്രധാന നടപടികളിൽ ചിലത്.

33. കൂടാതെ എന്റെ സർക്കാർ വന സംരക്ഷണ സമിതികൾ, പരിസ്ഥിതി വികസന കമ്മിറ്റികൾ മുതലായ ഏജൻസികൾ വഴി വന സംരക്ഷണ നടപടികളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതാണ്. വ്യക്തികൾക്ക് വൃക്ഷങ്ങൾ വളർത്തുന്നതിനുള്ള അവകാശത്തെ ഹനിക്കാതെതന്നെ വനപ്രദേശങ്ങളിലും അതിനു ചുറ്റുപാടും ഉള്ള വൃക്ഷങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുവേണ്ടി നിലവിലുള്ള ചട്ടങ്ങളിൽ അനുയോജ്യമായ ഭേദഗതികൾ/ മാറ്റങ്ങൾ വരുത്തുന്നതാണ്. നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസിയുടെ സാങ്കേതിക സഹായത്തോടുകൂടി കാട്ടുതീ നേരത്തെ കണ്ടെത്തുന്നതിനും മുന്നറിയിപ്പ് നൽകുന്നതിനുമുള്ള മെച്ചപ്പെട്ട നിരീക്ഷണ സംവിധാനം കൊണ്ടുവരുന്നതാണ്. മണ്ണൊലിപ്പ് സാധ്യതയുള്ള നദീതീരങ്ങളിൽ സന്നദ്ധ സേവന സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുകൂടി മുള വച്ചുപിടിപ്പിച്ച് മണ്ണൊലിപ്പ് തടയുന്നതാണ്.

34. കൃഷി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊഴിൽ നൽകുന്നത്, പരമ്പരാഗതവ്യവസായങ്ങൾ ആണ്. തീരദേശത്തുടനീളം കയർ വ്യവസായം വ്യാപിച്ചുകിടക്കുന്നതും അതുമുഖാന്തരമായി 3.5 ലക്ഷം തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതുമാണ്. സഹകരണ മേഖലയെ പുനരുജ്ജീവിപ്പിച്ചും ഇടനിലക്കാരെ ഒഴിവാക്കിയും ഉല്പാദനം നവീകരിച്ചും വൈവിധ്യപൂർണ്ണമാക്കിയും തൊണ്ടിന്റെയും ചകിരിയുടെയും ശരിയായ വിതരണം ഉറപ്പുവരുത്തിയും വിപണനം ശക്തിപ്പെടുത്തിയും എന്റെ സർക്കാർ ഈ വ്യവസായത്തെ പുനഃസംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. പുനരുജ്ജീവിക്കുവാൻ കഴിയുന്ന സഹകരണസംഘങ്ങളുടെ നഷ്ടം

ഏറ്റെടുക്കുകയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ധനസമാഹരണം നടത്തുന്നതിന് പ്രാപ്തമാക്കുന്നതിന് ബാദ്ധ്യതകളെ ഓഹരികളാക്കി മാറ്റുകയും ചെയ്യുന്നതാണ്. കയറുല്പാദന മേഖലയിലെ ഇടത്തട്ട് സമ്പ്രദായവും 'ചിറ്റ സിസ്റ്റവും' നിർത്തലാക്കുന്നതും കയർ പർച്ചേസ് പ്രൈസ് എൻഫോഴ്സ്മെന്റ് പദ്ധതി ആരംഭിക്കുന്നതുമാണ്. വിപണിയിലെ വ്യവസായ മാത്സര്യം ഉറപ്പുവരുത്തുന്നതിന് ഗവേഷണവും സാങ്കേതിക വിദ്യ മെച്ചപ്പെടുത്തുന്നതും ലക്ഷ്യപ്രധാനമാണ്.

38. കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നിവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും അവയുടെ ഉയർച്ചയ്ക്കും സാദ്ധ്യമായ എല്ലാ സഹായവും എന്റെ സർക്കാർ നൽകുന്നതാണ്. കയർ തൊഴിലാളി യൂണിയനുകൾ, ചെറുകിട ഉല്പാദക യൂണിയനുകൾ, കയറ്റുമതിക്കാർ എന്നിവരുമായി സർക്കാർ നടത്തിയ ചർച്ചയിൽ തീരുമാനിച്ച ഉടമ്പടിയിലെ വ്യവസ്ഥകൾ പാലിക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അഞ്ചു വർഷത്തിനുള്ളിൽ ഒരു ലക്ഷം വനിതാ കയർ തൊഴിലാളികളെ മഹിളാ കയർ യോജന പദ്ധതിയിൻ കീഴിൽ എന്റെ സർക്കാർ ഉൾപ്പെടുത്തുന്നതാണ്. കയറിനും കയറുല്പന്നങ്ങൾക്കും ആദായകരമായ വില ഉറപ്പുവരുത്തുന്നതാണ്. നയരൂപീകരണത്തിനും പദ്ധതി ആവിഷ്കരണത്തിനും സ്ഥിരമായ ഒരു ഡാറ്റാ ബേസ് ഉണ്ടാക്കുന്നതിനായി കയർ സ്ഥാപനങ്ങൾ, ഉപകരണങ്ങൾ, തൊഴിലാളികൾ എന്നിവയുടെ ഒരു കണക്കെടുപ്പ് സംഘടിപ്പിക്കുന്നതാണ്.

36. കശുവണ്ടി മേഖലയിൽ എന്റെ സർക്കാരിന്റെ മുഖ്യമായ ഊന്നൽ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പക്സ് എന്നിവ പുനഃക്രമീകരിക്കുന്നതിലായിരിക്കും. അതുമൂലം അവയ്ക്ക് സാമ്പത്തിക ഭദ്രത ഉണ്ടാവുകയും വേതനത്തിനും തൊഴിൽ സാഹചര്യത്തിനും നിലവാരം നിശ്ചയിക്കാൻ കഴിയുന്നതുമാണ്. നിലവിലുള്ള തൊഴിൽ നിയമങ്ങൾ, ഫാക്ടറി ആക്റ്റ് എന്നിവയിലെ പ്രസക്തമായ എല്ലാ വ്യവസ്ഥകളും കർശനമായി നടപ്പിലാക്കുന്നതാണ്. വ്യവസായത്തിൽ ഇടനിലക്കാർ സൃഷ്ടിച്ച അനാരോഗ്യകരമായ പ്രവണതകൾ ഉന്മൂലനം ചെയ്യുന്നതിന് ആത്മാർത്ഥമായ ശ്രമങ്ങൾ നടത്തുന്നതാണ്. കശുവണ്ടിപ്പരിപ്പിനും അനുബന്ധ ഉല്പന്നങ്ങൾക്കുമായി വിപണി വികസിപ്പിച്ചെടുക്കുക, ഈ കാർഷിക വ്യവസായത്തെ കൂടുതൽ ആകർഷകമാക്കുന്നതിനായി മൂല്യവർദ്ധിതോല്പന്നങ്ങൾ കൊണ്ടുവരിക, കശുവണ്ടി തോട്ടങ്ങൾ വ്യാപിപ്പിക്കുക എന്നിവയാണ് ഈ മേഖലയിൽ സ്വീകരിക്കുന്ന പ്രധാനപ്പെട്ട മറ്റ് നടപടികൾ.

37. ഉദ്ദേശം 40000 ത്തോളം തൊഴിലാളികളെ സഹായിക്കുന്ന ദിനേശ് ബീഡി സഹകരണ സംഘം രാജ്യത്തിലെ ഇത്തരത്തിലുള്ള ഏറ്റവും വലിയ സംഘമാണ്. മാറുന്ന ജീവിതശൈലിയും പ്രതികൂലമായ കമ്പോള സാഹചര്യവും സംഘത്തിന്റെ സാമ്പത്തിക അസ്ഥിരതയ്ക്ക് കാരണമായിട്ടുണ്ട്. ദിനേശ് ബീഡി സഹകരണ സംഘം പുനഃസംഘടിപ്പിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും ഒരു പ്രത്യേക പാക്കേജ് രൂപം നൽകുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്

38. അതുപോലെ പ്രൊഫഷണൽ മാർക്കറ്റിംഗിന് പ്രത്യേക ഊന്നൽ കൊടുത്തുകൊണ്ട് കേരളത്തിലെ പരമ്പരാഗതവും ഊർജ്ജസ്വലവുമായ കൈത്തറി മേഖലയെ ശക്തിപ്പെടുത്തുക, ഉല്പാദനത്തിന്റെ ആധുനികവൽക്കരണവും വൈവിധ്യവൽക്കരണവും നെയ്ത്തുതൊഴിലാളികൾക്കുവേണ്ടിയുള്ള ക്ഷേമപദ്ധതികളും സഹകരണസ്ഥാപനങ്ങളുടെ ശക്തിപ്പെടുത്തലും, ഈ മേഖലയിലുള്ള ഇടപെടലുകൾ ആയിരിക്കും. കള്ളുചെത്ത് വ്യവസായം പുനഃക്രമീകരിക്കുന്നതും, കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതുമാണ്.

39. കേരളത്തിൽ പൊതുമേഖല ആധുനിക വ്യവസായത്തിന്റെ നട്ടെല്ലായി വർത്തിക്കുന്നു. എന്നിരുന്നാലും മിക്ക പൊതുമേഖലാ യൂണിറ്റുകളും ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. സ്വകാര്യവൽക്കരണത്തിനുള്ള നവ ഉദാരവൽക്കരണ പരിഹാരങ്ങൾക്ക് ബദലായി പൊതുമേഖലയുടെ പുനരുദ്ധാരണത്തിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പുനരുദ്ധരിക്കുവാൻ കഴിയുന്ന യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി ഒറ്റത്തവണ സഹായം വ്യാപിപ്പിക്കുക, സാങ്കേതിക വിദ്യ മെച്ചപ്പെടുത്തുക, പുതിയ മൂലധനം ഇറക്കുക, കോർപ്പറേറ്റ് ഗവർണൻസിന്റെ നിലവാരം മെച്ചപ്പെടുത്തുക എന്നിവപോലെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

40. സംസ്ഥാനത്തിന്റെ അതിവേഗത്തിലുള്ള വ്യവസായവൽക്കരണത്തിന് അവശ്യംവേണ്ട ലോകോത്തര നിലവാരത്തിലുള്ള ആധുനിക സൗകര്യങ്ങളോടുകൂടിയ അടിസ്ഥാന സൗകര്യ ഏർപ്പെടുത്തുന്നതിന്റെ ആവശ്യകത എന്റെ സർക്കാർ തിരിച്ചറിയുന്നു. ഈ പ്രവർത്തനത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിനായി കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ (സി. ഐ. എ. എൽ.)

മാതൃകയിൽ ഒരു പൊതുമേഖലാ കമ്പനി ഉടനെ ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. കമ്പനിയിൽ സർക്കാരിന് കെ. എസ്. ഐ. ഡി. സി., കിൻഫ്ര എന്നിവയോടൊപ്പം ഗണ്യമായ ശതമാനം ഓഹരി ഉണ്ടായിരിക്കുന്നതുമാണ്. ശേഷിക്കുന്ന മൂലധന ഓഹരി സമാഹരിക്കുന്നതിനായി ലോകമെമ്പാടുമുള്ള പ്രവാസി മലയാളികളുടെ വിപുലമായ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഹൈടെക് വ്യവസായങ്ങളെ ആകർഷിക്കുന്നതിന് ആവശ്യമായ ഗുണനിലവാരത്തോടുകൂടിയ അടിസ്ഥാന സൗകര്യങ്ങൾ കമ്പനി ഏർപ്പെടുത്തുന്നതാണ്. വയനാട് ജില്ലയിൽ ഒരു വൻകിട ഭക്ഷ്യസംസ്കരണ പാർക്ക് സ്ഥാപിക്കുവാനും കൂടി എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

41. ധാതു മേഖലയിലെ മൂല്യ വർദ്ധനവിനായി അവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. വളരെ ചെറിയ തോതിൽ വരുമാനം നേടിത്തരുന്ന അസംസ്കൃത കരിമണലിന്റെ കയറ്റുമതിക്ക് പകരം ആയതിന് ഉയർന്ന മൂല്യം നേടിത്തരുന്നതിനായി നാം പദ്ധതിയിടുന്നു.

42. സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിക്കും തൊഴിൽ സൃഷ്ടിക്കുന്നതിലും ഐ. ടി. യുടെ നിർണ്ണായകമായ പങ്ക് എന്റെ സർക്കാർ തിരിച്ചറിയുന്നു. മുൻ സർക്കാർ, സംസ്ഥാനത്തെ ഐ. ടി. മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി മുതൽമുടക്ക് നിലനിറുത്തുന്നതിൽ പരാജയപ്പെട്ടു. ഈ മേഖലയിൽ സ്വകാര്യ പൊതുനിക്ഷേപങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് എന്റെ സർക്കാർ ഈ വിടവ് നികത്തുന്നതാണ്.

സംസ്ഥാനത്തിന്റെ തനതായ, മെച്ചപ്പെട്ട മാനവശേഷിയും അടിസ്ഥാന സൗകര്യങ്ങളും അടുത്ത 5 വർഷങ്ങൾക്കുള്ളിൽ ഐ.ടി./ഐ. ടി ഇ. എസ്./ബി. പി. ഒ. മേഖലകളിൽ, 2 ലക്ഷം നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പൂർണ്ണമായും വിനിയോഗിക്കുന്നതാണ്. പരോക്ഷമായി, 6 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇത് കാരണമാകും. ഐ. ടി. ഇ. എസ്. മേഖലയെ മാത്രം ആശ്രയിക്കുന്നതിന് പകരം ഉല്പാദന/ഹാർഡ് വെയർ മേഖലയിൽ കഴിവുകൾ വികസിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതാണ്. മേല്പറഞ്ഞ ലക്ഷ്യങ്ങൾ എന്റെ സർക്കാർ നേടിയെടുക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും ഒരു നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുന്നതാണ്. ഫ്രീ ആന്റ് ഓപ്പൺ സോഫ്റ്റ് വെയർ (എഫ്. ഒ. എസ്. എസ്.) പ്രോത്സാഹിപ്പിക്കുന്നതിന്റെ തന്ത്രപരമായ പ്രാധാന്യത്തെക്കുറിച്ച് എന്റെ സർക്കാരിന് ബോദ്ധ്യമുണ്ട്. കേരളത്തെ ഇന്ത്യയിലെ (എഫ്. ഒ. എസ്. എസ്.) വ്യവസായ കേന്ദ്രമാക്കുന്നതിന് നങ്ങൾ പരിശ്രമിക്കുന്നതാണ്.

43. 2007 മാർച്ചോടുകൂടി സംസ്ഥാന വ്യാപകമായ ശൃംഖല കമ്മീഷൻ ചെയ്യുന്നത്, സംസ്ഥാന സർക്കാരിന്റെ ഇ-ഗവേണൻസിന്റെ ഉദ്യമങ്ങൾക്ക് കൂടുതൽ കരുത്തേകുന്നതാണ്. ഈ പദ്ധതിയുടെ ഫലമായി ബ്ലോക്ക് പഞ്ചായത്ത് തലം വരെയുള്ള സർക്കാർ ഓഫീസുകൾക്ക് അതിവേഗ ബ്രോഡ് ബാന്റ് കണക്ടിവിറ്റി നൽകുന്നതും അത് പിന്നീട് വില്ലേജ് പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്നതുമായിരിക്കും. അക്ഷയ-സാക്ഷരതാ പദ്ധതി കൂടുതൽ ഫലപ്രദമാക്കുന്നതിന്

ത്തിനെ സ്വീകരിക്കുന്നതാണ്. സർക്കാർ/തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള സേവനങ്ങളും മറ്റു സേവനങ്ങളും പൗരന്മാർക്ക് പ്രദാനം ചെയ്യുന്നതിനായി 2007 മാർച്ച് അവസാനത്തോടുകൂടി ഏകദേശം മുപ്പതിനായിരം അക്ഷയ കേന്ദ്രങ്ങൾ സജ്ജമാക്കുന്നതാണ്. ഐ. ടി. വ്യവസായത്തിന് മെച്ചപ്പെട്ട മറ്റ് ഗുണനിലവാരമുള്ള മാനവശേഷി ഉറപ്പുവരുത്തുവാൻ സംസ്ഥാനത്തെ ഐ. ടി. ട്രെയിനിംഗ് സെന്ററുകളിലൂടെ നടത്തുന്ന വിവിധ കോഴ്സുകൾക്കായി ഒരു സർട്ടിഫിക്കേഷൻ സംവിധാനം ഉണ്ടാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

44. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി എന്റെ സർക്കാർ ഒരു പുതിയ ഐ. ടി./ഐ. ടി. ഇ. എസ്. നയം അടുത്തുതന്നെ രൂപീകരിക്കുന്നതാണ്.

45. ജി. ഡി. പി. യിലേക്ക് ഏറ്റവും ഉയർന്ന സംഭാവന നൽകുക, തൊഴിൽ സൃഷ്ടിക്കുക, മൂലധന നിക്ഷേപം, നികുതി സ്വരൂപണം എന്നീ കാരണങ്ങളാൽ ലോകത്തെ ഏറ്റവും വലിയ വ്യവസായമായി വിനോദസഞ്ചാരം ഉയർന്നുവന്നിരിക്കുന്നു. രാജ്യത്തിലെ ഏറ്റവും ആകർഷണീയമായ ഒരു വിനോദ സഞ്ചാര കേന്ദ്രമാണ് കേരളം എന്ന കാര്യത്തിൽ കേരളീയർക്ക് അഭിമാനിക്കാം. വിനോദ സഞ്ചാര വികസനത്തിനുവേണ്ടി മൂലധനം ആകർഷിക്കുന്നതിനുവേണ്ട എല്ലാ നടപടികളും എടുക്കുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

46. സംസ്ഥാനത്തെ വിവിധ വിനോദ സഞ്ചാരകേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന വിനോദ സഞ്ചാര പര്യടനങ്ങളുടെ സമഗ്ര വികസനത്തിനായിരിക്കും അടുത്ത സാമ്പത്തിക വർഷം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കൾച്ചറൽ ടൂറിസം, ഹെറിറ്റേജ് ടൂറിസം, പ്ലാന്റേഷൻ ടൂറിസം, റൂറൽ ടൂറിസം, ഇക്കോ ടൂറിസം എന്നിവ പോലെയുള്ള

ടൂറിസത്തിലെ നവീനവും ഉയർന്നുവരുന്നതുമായ മേഖലകൾക്ക് കൂടി എന്റെ സർക്കാർ പ്രോത്സാഹനം നൽകുന്നതാണ്. പ്രാദേശിക സമൂഹങ്ങൾക്ക് പ്രത്യേകിച്ചും ഗ്രാമീണ കർഷക സമൂഹങ്ങൾക്ക് വിനോദ സഞ്ചാരത്തിന്റെ പ്രയോജനം വ്യാപിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഫാം ടൂറിസം "എന്റെ ഗ്രാമം-ടൂറിസം സൗഹൃദ ഗ്രാമം" എന്നിവ പോലുള്ള നൂതന ഉദ്യമങ്ങൾ ആരംഭിക്കുന്നതാണ്. മലബാറിലെ വിനോദ സഞ്ചാര സാധ്യത പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതാണ്. ടൂറിസം കേന്ദ്രങ്ങളായ ബേക്കൽ, നിലമ്പൂർ, ബേപ്പൂർ, പെരുവണ്ണാമൂഴി, വയനാട്, വലിയപറമ്പ് എന്നീ വിനോദ സഞ്ചാര കേന്ദ്രങ്ങളും മലബാറിലെ കായലുകളും മികച്ച വിനോദ സഞ്ചാരകേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നതാണ്. പരമ്പരാഗത കലകളും നാടൻ കലകളും പുനരുജ്ജീവിപ്പിക്കുന്നതിനായി ഒരു സാംസ്കാരിക ഗ്രാമം വികസിപ്പിച്ചെടുക്കുന്നതാണ്.

47. ഓരോ വിനോദ സഞ്ചാര കേന്ദ്രത്തിന്റെയും സവിശേഷതകൾ തിരിച്ചറിഞ്ഞുകൊണ്ട്, സമഗ്രമായ ദീർഘവീക്ഷണത്തോടു കൂടി ഒരു പ്ലാൻ തയ്യാറാക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. സമൃദ്ധമായ പ്രകൃതി സമ്പത്ത് തുറന്നു കാണിക്കുന്നതിന് വിനോദ സഞ്ചാര വികസന പദ്ധതികൾ രൂപീകരിക്കുന്നതാണ്. വിനോദ സഞ്ചാര വികസനം എന്ന വ്യാജേന നമ്മുടെ സാംസ്കാരിക പൈതൃകത്തിലും പരിസ്ഥിതി പ്രശ്നങ്ങളിലും യാതൊരു വിട്ടുവീഴ്ചയുമുണ്ടാവില്ല എന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ എല്ലാ മുൻകരുതലുകളും എടുക്കുന്നതാണ്. വിനോദ സഞ്ചാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മൂലമുണ്ടാകുന്ന മലിനീകരണ നിയന്ത്രണത്തിന് പ്രത്യേക ശ്രമങ്ങൾ നടത്തുന്നതാണ്.

41. വിനോദ സഞ്ചാര മേഖലയിൽ, പരിശീലനം ലഭിച്ച മാനവ ശേഷിയുടെ വർദ്ധിച്ചുവരുന്ന ആവശ്യകത നിറവേറ്റുന്നതിന് മാനവ വിഭവശേഷി വികസിപ്പിക്കുന്നതിനായി 'സെന്റേഴ്സ് ഓഫ് എക്സലൻസ്' സ്ഥാപിക്കുന്നതാണ്. പ്രധാനപ്പെട്ട എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും സാധാരണ വിനോദസഞ്ചാരികൾക്കായി താമസസൗകര്യം ഒരുക്കുന്നതിന് സർക്കാർ പ്രോത്സാഹിപ്പിക്കുന്നതാണ്. വിനോദസഞ്ചാര വികസനത്തിന്റെ ഭാഗമായി എല്ലാ തീർത്ഥാടനകേന്ദ്രങ്ങളിലും തീർത്ഥാടകർക്കായി പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്. സംസ്ഥാനത്ത് വിനോദ സഞ്ചാരികൾക്ക് പ്രശ്നങ്ങളില്ലാതെ യാത്ര ചെയ്യുവാനുതകുന്ന വിധത്തിൽ ഗതാഗതസൗകര്യം മെച്ചപ്പെടുത്തുന്നതാണ്.

42. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കഠിനാദ്ധ്വാനം ചെയ്ത് തങ്ങളുടേതായ മേഖലകളിൽ മുദ്ര പതിപ്പിച്ച് കേരളത്തെ അഭിമാനപൂരിതരാക്കുകയും സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിലേക്ക് ഗണ്യമായ സംഭാവന നൽകുകയും ചെയ്ത പ്രവാസി മലയാളികളെ കേരളത്തിന്റെ വികസന പദ്ധതികളിൽ പങ്കാളികളാക്കുന്നതാണ്. കഠിനാദ്ധ്വാനം ചെയ്ത് സമ്പാദിച്ച അവരുടെ ധനം, അവരുടെ സ്വന്തം നാടിന്റെ വികസനത്തിനായി മുതൽ മുടക്കുന്നതിന് പ്രോത്സാഹിപ്പിക്കുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതായിരിക്കും. പ്രവാസി മലയാളികളുടെ പ്രതീക്ഷകളും അഭിലാഷങ്ങളും സഫലീകരിക്കുന്നതിനായി നോർക്ക വകുപ്പിന്റെ പ്രവർത്തനമേഖല വ്യാപിപ്പിക്കുന്നതായിരിക്കും. ഒരു ഡാറ്റാ ബേസ് ഉണ്ടാക്കുന്നതിനായി സംസ്ഥാനത്തിനു പുറത്ത് ജോലി ചെയ്യുന്ന കേരളീയരെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതായിരിക്കും.

50. 2003-ലെ ഇലക്ട്രിസിറ്റി ആക്റ്റ്, വൈദ്യുതി മേഖലയെ സ്വകാര്യവത്കരിക്കാൻ വഴി തെളിക്കുകയും നമ്മുടെ രാജ്യത്തിലെ പല സംസ്ഥാനങ്ങളും ഈ ദിശയിലേക്ക് നീങ്ങുകയും ചെയ്തിരിക്കുന്നു. എന്റെ സർക്കാർ കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനെ സ്വകാര്യവത്കരിക്കുകയില്ല. കൂടാതെ അതിനെ പൊതുമേഖലയിൽ തന്നെ നിലനിർത്തുമെന്നും ഞാൻ ഉറപ്പ് നൽകുന്നു.

51. എൽ.ഡി.എഫ്. സർക്കാരിന് 1996 മുതൽ 2001 വരെയുള്ള കഴിഞ്ഞ ഭരണകാലത്ത്, കൂടുതലായി 1083 മെഗാവാട്ട് ശേഷി കൈവരിച്ചുകൊണ്ട് ചരിത്രം സൃഷ്ടിക്കാൻ കഴിഞ്ഞു. എന്നാൽ മുൻ യു.ഡി.എഫ് സർക്കാരിന് കൂടുതലായി 78 മെഗാവാട്ട് മാത്രം ശേഷി കൈവരിക്കുവാനേ സാധ്യമായിട്ടുള്ളൂ. ഈ സർക്കാർ നിർമ്മാണത്തിലിരിക്കുന്ന എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. പരിസ്ഥിതിക്ക് കോട്ടം തട്ടാതെ തന്നെ എല്ലാ ജല വൈദ്യുത പദ്ധതികളും നടപ്പിലാക്കുന്നതാണ്. ഊർജ്ജ മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനു വേണ്ടി, ചെറുകിട ജലവൈദ്യുത പദ്ധതികളുടെയും പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെയും ശേഷി, സാധ്യമാകുന്നിടത്തോളം, പരമാവധി പ്രയോജനപ്പെടുത്തുന്നതാണ്. ഹൈഡൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതാണ്.

52. 2004-2005 വർഷക്കാലയളവിലെ പ്രതീക്ഷിത കാലയളവിൽ, 2001-2002 കാലയളവിൽ നടപ്പാക്കിയ താരിഫ് വർദ്ധനവ്, കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് എടുത്തിട്ടുള്ള വായ്പകളുടെ പലിശ നിരക്കിലെ ഇളവ് മുതലായവ കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ വരുമാനക്കമ്മി കുറച്ചുകൊണ്ടുവരാൻ

സമാഹരിച്ചു. എന്നിരുന്നാലും, നിലവിൽ 4541.32 കോടി രൂപയുടെ വായ്പ ബാക്കി നിൽക്കുന്നുണ്ട്. അന്താരാഷ്ട്ര കമ്പോളത്തിൽ മത്സരിക്കുന്നതിന് ഈ വ്യവസായ മേഖലയെ പ്രാപ്തമാക്കുന്ന രീതിയിൽ താരിഫ് യുക്തിസഹമാക്കുന്നതിനും സാമൂഹ്യ നീതി ഉറപ്പു വരുത്തുന്നതിനും വേണ്ടി എന്റെ സർക്കാർ കേരള സംസ്ഥാന വിദ്യുച്ഛക്തി നിയന്ത്രണ കമ്മീഷന് നയപരമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള എല്ലാ കുടുംബങ്ങൾക്കും സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. മുൻഗണന നൽകുന്നത് സംബന്ധിച്ച്, വൈദ്യുതി കണക്ഷനു വേണ്ടിയുള്ള 2.5 ലക്ഷത്തോളം വരുന്ന തീരുമാനമാകാത്ത അപേക്ഷകളിൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നതും ഈ വർഷം മുതൽ ആവശ്യപ്പെടുന്ന ഉടൻ തന്നെ വൈദ്യുതി കണക്ഷനുകൾ നൽകുന്നതുമാണ്. കൂടാതെ, കുടിശ്ശിക പിരിച്ചെടുക്കുന്നതിനും വൈദ്യുതി മോഷണം തടയുന്നതിനും ഫലപ്രദമായ നടപടികൾ എടുക്കുന്നതാണ്. സ്ക്വാഡുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുകയും കൂടുതൽ ഫലപ്രദമാക്കുകയും ചെയ്യുന്നതാണ്.

63. എന്റെ സർക്കാർ സംസ്ഥാനത്തിനകത്ത് പവർ ഹൈവേക്ക് വേണ്ടിയുള്ള പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി പ്രയത്നിക്കുന്നതാണ്. അനെർട്ടിന്റെയും എനർജി മാനേജ്മെന്റ് സെന്ററിന്റെയും പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതും അവയുടെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി അവർ തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി സഹകരിക്കുകയും ചെയ്യുന്നതാണ്.

64. കൂടാതെ, തടസ്സമില്ലാത്ത വൈദ്യുതി വിതരണം ഉറപ്പ് വരുത്തുന്നതിനും പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിനും പ്രസരണ വിതരണ സംവിധാനത്തിന്റെ അറ്റകുറ്റപ്പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ ഏറ്റെടുക്കുന്നതാണ്. ഈ ആവശ്യത്തിലേക്കായി ആവശ്യമായ ജീവനക്കാരെ നിയോഗിക്കുകയോ നിയമിക്കുകയോ ചെയ്യുന്നതാണ്.

65. റോഡുകളുടെ സംഗതിയിൽ, കേരളത്തിലെ എക്കാലത്തും വർദ്ധിച്ചുവരുന്ന യാത്രാ ആവശ്യങ്ങൾ കണക്കിലെടുത്ത്, നിർമ്മിക്കുകയോ മെച്ചപ്പെടുത്തുകയോ അല്ലെങ്കിൽ പരിപാലിക്കുകയോ ചെയ്യേണ്ട റോഡ് ശൃംഖലക്ക് വേണ്ടി, ഒരു ദീർഘകാല വീക്ഷണത്തോടെയുള്ള പദ്ധതി തയ്യാറാക്കുന്നതിന് ദേശീയവും അന്തർദേശീയവുമായ വിവിധ ഏജൻസികൾ നടത്തുന്ന നിലവിലുള്ള പഠനങ്ങൾ എന്റെ സർക്കാർ സംയോജിപ്പിക്കുകയും പരിഷ്കരിക്കുകയും ചെയ്യുന്നതാണ്. പുതിയ കണ്ടെയ്നർ ടെർമിനൽ, പ്രത്യേക സാമ്പത്തിക മേഖല തുടങ്ങിയവയുടെ വെളിച്ചത്തിൽ, കൊച്ചി മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ദ്രുതഗതിയിലുള്ള വികസനം പരിഗണിച്ച് പൊതുമരാമത്ത് വകുപ്പ് ഒരു ദേശീയതല ഏജൻസിയെക്കൊണ്ട് ഒരു 'മൾട്ടി മോഡൽ സ്ട്രാറ്റജിക് ഓപ്ഷൻ സ്റ്റഡി' നടത്തുവാനുദ്ദേശിക്കുന്നു. ആറു മാസത്തിനുള്ളിൽ പൂർത്തിയാകുന്ന ഈ പഠനം പ്രത്യേക റോഡ് രൂപകൽപ്പനകളിലും ദേശീയ പാതകൾ, സംസ്ഥാന ഹൈവേകൾ, വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ എന്നിവയുമായി ഉചിതമായ രീതിയിൽ ബന്ധിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കും. ഇത് കേരളത്തിന്റെ മദ്ധ്യഭാഗങ്ങളിലെ പ്രദേശങ്ങളിലുള്ള റോഡ് ശൃംഖല വികസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും സംസ്ഥാനത്തിന്റെ വടക്കൻ ഭാഗങ്ങളുമായി ബന്ധിപ്പിക്കുന്നതിന് അടിസ്ഥാനമാവുകയും ചെയ്യും.

56. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ (എൻ. എച്ച്. എ. ഐ.) സഹകരണത്തോടുകൂടി എൻ. എച്ച് 47-ലെ എല്ലാ പാതകളും നാലുവരിപ്പാതകളാക്കുന്നതിനും ബൈപ്പാസുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുമുള്ള എല്ലാ നടപടികളും എന്റെ സർക്കാർ കൈക്കൊള്ളുന്നതാണ്. കേരളത്തിലെ പ്രധാനറോഡുകളിലെ ഗതാഗതം സുഗമമാക്കുന്നത് ഉറപ്പു വരുത്തുന്നതിന് കോറിഡോർ അടിസ്ഥാനത്തിൽ റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് കേരള റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷൻ, പരിഗണന നൽകുന്നതായിരിക്കും. കേരള റോഡ് ഫണ്ട് ബോർഡ് (കെ. ആർ. എഫ്. ബി.) ഏറ്റെടുത്ത തലസ്ഥാന നഗര റോഡ് വികസന പദ്ധതികൾ നടപ്പിലാക്കുന്നു. കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്റ്റിൻകീഴിലുള്ള റോഡുകളുടെ നിർമ്മാണം ബലപ്പെടുത്തുകയും പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്. 1999-ലെ ഹൈവേ സംരക്ഷണ ആക്ട് എല്ലാ തലത്തിലും പൂർണ്ണമായി നടപ്പിലാക്കുന്നതാണ്. റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നൽകുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

57. സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിയിൽ തുറമുഖങ്ങളുടെ വികസനവും ആധുനിക ഉപകരണങ്ങളോടുകൂടി അതിനെ സജ്ജമാക്കുന്നതും വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ഈ ലക്ഷ്യം മുന്നിൽക്കണ്ടുകൊണ്ട്, കൂടിയ പരിഗണനയോടെ വിഴിഞ്ഞം തുറമുഖത്തിനെ അന്താരാഷ്ട്ര ആഴക്കടൽ ട്രാൻസ്ഷിപ്മെന്റ് കണ്ടെയ്നർ ടെർമിനൽ ആയി വികസിപ്പിക്കുന്നതിന്

എന്റെ സർക്കാർ പ്രത്യേക പരിഗണന നൽകുവാൻ ഉദ്ദേശിക്കുന്നു. ഇന്ത്യാ വൻകരയിൽ നിന്നും ലക്ഷദ്വീപ് സമൂഹങ്ങളിലേക്ക് യാത്രക്കാരെയും ചരക്കും കടത്തുന്നതിനായി ബേപ്പൂർ തുറമുഖം വികസിപ്പിക്കും. സംസ്ഥാനത്തിന്റെയും അതുപോലെ തന്നെ ആ പ്രദേശത്തിന്റെയും വിനോദ സഞ്ചാര സാധ്യതകൾ വികസിപ്പിക്കുന്നതിനുവേണ്ടി ആലപ്പുഴയെ മറീന കം കാർഗോ തുറമുഖമാക്കി വികസിപ്പിക്കുന്നതാണ്. അഴീക്കൽ ഒരു പൊതു ചരക്കുതുറമുഖമാക്കി വികസിപ്പിക്കുന്നതാണ്. കൊല്ലം പോലെയുള്ള ചെറുകിട തുറമുഖങ്ങളുടെ വികസനവും ഏറ്റെടുക്കുന്നതാണ്.

൬൫. വിവിധ ജലാശയങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഗതാഗതത്തിന്റെ സാധ്യതകൾ ഉറപ്പുവരുത്തുന്നതിന് സ്റ്റേറ്റ് ജലപാതയുടെ വികസനത്തിന് ഊന്നൽ നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. 2006-2007-ൽ തുടങ്ങുന്ന 4 വർഷക്കാലയളവിൽ 12-ാം ധനകാര്യ കമ്മീഷൻ നൽകിയ അവാർഡ് വിനിയോഗിച്ച് പശ്ചിമതീര കനാലിന്റെ കോവളം-കൊല്ലം, കോട്ടപ്പുറം-ഹോസ്ദുർഗ്ഗ് ഭാഗം, സംസ്ഥാനത്തെ മറ്റ് പോഷക കനാലുകൾ എന്നിവയുടെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതാണ്. ടി. എസ്. കനാലിന്റെ (പാർവ്വതി പുത്തനാർ) വേളി-കോവളം ഭാഗത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഈ വർഷം ഏറ്റെടുക്കുന്നതാണ്.

൬൬. പഴക്കമുള്ള വാഹനങ്ങൾ മാറ്റുന്ന ഒരു നയം കെ. എസ്. ആർ. ടി. സി. തുടർന്നു വരികയാണ്. നടപ്പു വർഷവും ആവശ്യം തിട്ടപ്പെടുത്തിയ ശേഷം പുതിയ ബസ്സുകൾ വാങ്ങുന്നതാണ്. തിരുവനന്തപുരത്ത്, തമ്പാനൂരിൽ ഒരു

ആധുനിക ബസ്സ് ടെർമിനൽ സമുച്ചയം സ്ഥാപിക്കുവാൻ കോർപ്പറേഷൻ ഉദ്ദേശിക്കുന്നു. പ്രവർത്തനമൂലധനം അല്ലാതെയുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി കെ. എസ്. ആർ. ടി. സി. കോഴിക്കോട്, മലപ്പുറം, അങ്കമാലി, കരുനാഗപ്പള്ളി എന്നിവിടങ്ങളിൽ വ്യവസായ സമുച്ചയങ്ങളോടുകൂടിയ ആധുനിക ബസ്സ് ടെർമിനലുകളും കൊല്ലത്തും, തിരുവനന്തപുരത്തുള്ള അട്ടക്കുളങ്ങരയിലും വ്യവസായ സമുച്ചയങ്ങളും നിർമ്മിക്കുന്നതാണ്. ഇതിനായ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പാസൗകര്യങ്ങൾ ഉപയോഗിച്ചും കാസർഗോഡ്, മൂവാറ്റുപുഴ, കൊട്ടാരക്കര, പേരൂർക്കട, കാട്ടാക്കട എന്നിവിടങ്ങളിൽ വാണിജ്യ സമുച്ചയത്തോടു കൂടിയ ബസ്സ് സ്റ്റേഷനുകളുടെ നിർമ്മാണം കോർപ്പറേഷൻ ഏറ്റെടുക്കുന്നതാണ്. ഈ പദ്ധതികൾ കോർപ്പറേഷന്റെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കും.

൬൦. നടപ്പ് സാമ്പത്തികവർഷം കെ. റ്റി. ഡി. എഫ്. സി. അതിന്റെ പ്രവർത്തനം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നു. വ്യാപാരി/ നിർമ്മാതാവിൽ നിന്നും ലഭിക്കുന്ന സഹായധനം/കിഴിവ് ഉപയോഗിച്ച് കുറഞ്ഞ പലിശനിരക്കിൽ എം. എൽ. എ. മാർക്ക് പ്രത്യേക വാഹന പദ്ധതി ആരംഭിക്കുന്നതിനും, നിലവിലുള്ള ട്രാൻസ് ടവർ പദ്ധതിയുടെ വിജയകരമായ പൂർത്തീകരണത്തിനുശേഷം, ബഹുനില വാണിജ്യ സമുച്ചയങ്ങളുടെ നിർമ്മാണം ഏറ്റെടുക്കുന്നതിനും കൂടി കമ്പനി ഉദ്ദേശിക്കുന്നു.

൬൧. ജലവിഭവ വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുന്നു എന്നത് ആ വകുപ്പിന്റെ ഉത്തരവാദിത്വമായിരിക്കുന്നതും ഉദ്ദേശിച്ച പ്രയോജനം എത്രയും നേരത്തെ തന്നെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പൂർത്തി

സുതാര്യത ഉറപ്പുവരുത്തിക്കൊണ്ട് പദ്ധതികൾ അതിവേഗം നടപ്പിൽ വരുത്തുക എന്നത് ലക്ഷ്യമിടുകയും ചെയ്യുന്നു. കേരളത്തിലെ ജലസ്രോതസ്സുകളുടെ സംരക്ഷണം, മലിനമായ നദികളുടെ സംരക്ഷണം, മഴവെള്ള സംഭരണം എന്നിവയ്ക്ക് എന്റെ സർക്കാർ മുന്തിയ പരിഗണന നൽകുന്നു. സംസ്ഥാനത്തെ പുതിയ ജലനയത്തിന് വൈകാതെ അന്തിമരൂപം നൽകുന്നതാണ്. പഞ്ചായത്തീരാജ് സ്ഥാപനങ്ങളെയും വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പൊതുജന സമ്പർക്ക പരിപാടിയിലൂടെ ജലസംരക്ഷണവും, കൈകാര്യം ചെയ്യലും സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് മുൻഗണന നൽകും.

42. ഈ സർക്കാരിന്റെ കാര്യപരിപാടികളിൽ ഏറ്റവും പ്രധാനപ്പെട്ടത് സുരക്ഷിതമായ കുടിവെള്ളം നൽകുക എന്നതാണ്. ഈ ലക്ഷ്യം മുൻനിറുത്തി ഉദ്ദേശം 7.68 ലക്ഷം ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന മഴവെള്ള സംഭരണ പദ്ധതി, സ്വജലധാരപദ്ധതി എന്നിവയും എ. ആർ. ഡബ്ല്യു. എസ്. പി യുടെ കീഴിലുള്ള പദ്ധതികളും കൂടുതൽ വികസിപ്പിക്കുന്നതിന് കേരള ജല അതോറിറ്റി ഉദ്ദേശിക്കുന്നു. 2004-2007-ൽ ഉദ്ദേശം 11 ലക്ഷം ആളുകൾക്ക് പ്രയോജനം കിട്ടുന്ന 2238 പാർപ്പിടങ്ങൾ കൂടി നിർമ്മാണ പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നു. എ. യു. ഡബ്ല്യു. എസ്. പി. യുടെ കീഴിൽ ഉദ്ദേശം 1 ലക്ഷം ആളുകൾക്ക് പ്രയോജനം ലഭിക്കുന്ന 5 നഗര ജലവിതരണ പദ്ധതികൾ കൂടി പൂർത്തീകരിക്കും. നടപ്പുവർഷത്തിൽ ജെ. ബി. ഐ. സി. സഹായത്തോടെയുള്ള ജലവിതരണ പദ്ധതി എല്ലാ തലങ്ങളിലും സുതാര്യത ഉറപ്പാക്കിക്കൊണ്ട് ത്വരിതഗതിയിൽ നടപ്പിലാക്കും.

63. ജലനിധി പദ്ധതിയുടെ കീഴിലുള്ള ഗ്രാമീണ മേഖലയിലെ കുടിവെള്ള വിതരണത്തിനു പുറമെ സുനാമി ബാധിത തീരപ്രദേശങ്ങളിൽ ഏകദേശം 40 കോടി രൂപയുടെ 2 വൻകിട ജലവിതരണ പദ്ധതികൾ ഏറ്റെടുക്കാനുദ്ദേശിക്കുന്നു. വിവിധ ഗുണഭോക്തൃ സംഘങ്ങളുടെ സഹായത്തോടുകൂടി ഈ വർഷം 17 നദികളെ അടിസ്ഥാനമാക്കിയുള്ള പദ്ധതികൾ പഞ്ചായത്തുകളുടെ പങ്കാളിത്തത്തോടെ തുടങ്ങുവാനുദ്ദേശിക്കുന്നു. ഇതിനു പുറമെ നഷ്ടപ്പെട്ടുപോയ ഭൂഗർഭ ജലം പുനഃസ്ഥാപിക്കുന്നതിലേക്കായി വൻതോതിലുള്ള പരിപാടികൾ ഏറ്റെടുക്കുന്നതാണ്.

64. തീരപ്രദേശങ്ങളിൽ താമസിക്കുന്ന ആളുകളുടെ യാതനകൾ ലഘൂകരിക്കുന്നതിനായി എന്റെ സർക്കാർ 2005-2010 കാലയളവിലേക്ക് 12-ാം ധനകാര്യ കമ്മീഷൻ കേരളത്തിന് അനുവദിച്ച 175 കോടി രൂപ കടൽക്ഷോഭ പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഫലപ്രദമായി വിനിയോഗിക്കുന്നതാണ്.

65. നാഷണൽ ഹൈഡ്രോളജി പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പാക്കുന്നതിനുള്ള സമ്മതപത്രം ഒപ്പിട്ടിട്ടുള്ളതും, പദ്ധതി ഈ വർഷം തന്നെ ആരംഭിക്കുന്നതുമാണ്. കമാന്റ് ഏരിയാ ഡെവലപ്മെന്റ് അതോറിറ്റിയിൻകീഴിൽ പൂർത്തീകരിച്ചു വരുന്ന നാല് പദ്ധതികൾക്ക് പുറമേ കല്ലട ജലസേചന പദ്ധതി കൂടി സി. എ. ഡി. പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. കാര്യക്ഷമവും നീതിപൂർവ്വകവുമായ ജലവിനിയോഗം ലക്ഷ്യമാക്കി 2006-2007-ൽ ജലസേചന പദ്ധതികളുടെ തെരഞ്ഞെടുത്ത കമാന്റ് ഏരിയകളിൽ പാർട്ടിസിപ്പേറ്ററി ഇറിഗേഷൻ മാനേജ്മെന്റ് (പി. ഐ. എം.) നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നു.

46. ഭവന നിർമ്മാണ മേഖലയിൽ 5 വർഷത്തിനുള്ളിൽ കേരളത്തിലെ മുഴുവൻ കുടുംബങ്ങൾക്കും വീടുകൾ നൽകുന്ന ഒരു പദ്ധതി എന്റെ സർക്കാർ നടപ്പിലാക്കുന്നതും; ഇത് യാഥാർത്ഥ്യമാക്കുന്നതിനായി തദ്ദേശ ഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ, പ്രവാസി ഭാരതീയർ, സർക്കാരിതര സംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ, ജനകീയ സംഘടനകൾ തുടങ്ങിയവരുടെ സഹായത്തോടെ ഒരു ജനകീയ പ്രസ്ഥാനം ആരംഭിക്കുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. പട്ടികവർഗ്ഗക്കാരുടെ വീടുകളുടെയും ലക്ഷം വീട് പദ്ധതി പ്രകാരമുള്ള വീടുകളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രത്യേക ഊന്നൽ നൽകുന്നതാണ്.

47. പ്രാഥമിക വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സംസ്ഥാനം മുൻപന്തിയിൽ നിൽക്കുന്നതും ഹൈസ്കൂൾ തലം വരെ അത് പൂർണ്ണമായും നിലനിർത്തിപ്പോരുന്നതുമാണ്. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി, ഈ അദ്ധ്യയന വർഷം മുതൽ സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും സോഷ്യൽ ഓഡിറ്റ് ആരംഭിക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ചുരുക്കം ചില സ്കൂളുകളിൽ ആരംഭിച്ചിട്ടുള്ള ഇംഗ്ലീഷ് ഭാഷാ ലാബുകൾ ഈ വർഷം കൂടുതൽ ഹയർ സെക്കന്ററി സ്കൂളുകളിലേക്ക് വ്യാപിപ്പിക്കുന്നതാണ്.

48. സ്കൂളുകളിൽ വൃത്തിയായും ശുചിയായും ഭക്ഷണം പാകം ചെയ്തു വിളമ്പുന്നുവെന്ന് ഉറപ്പാക്കുന്നതിനും ഉച്ചഭക്ഷണത്തിലെ പോഷകാംശങ്ങൾ വർദ്ധിപ്പിക്കുന്നതിനും വേണ്ട നടപടികൾ എന്റെ സർക്കാർ സ്വീകരിക്കുന്നതാണ്. എല്ലാ സ്കൂളുകളിലും കുടിവെള്ള വിതരണവും ടോയ്‌ലെറ്റ്

സൗകര്യങ്ങളും നൽകുകയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഓല മേഞ്ഞ കെട്ടിടങ്ങൾ മുഴുവനായും ഓടുമേഞ്ഞതോ, കോൺക്രീറ്റു ചെയ്തതോ ആയവ ആക്കി മാറ്റുകയും ചെയ്യും.

9. അവശത അനുഭവിക്കുന്നവരെയും ദുരിതമനുഭവിക്കുന്നവരെയും മുഖ്യധാരയിലേക്ക് കൊണ്ടുവന്ന്, വിദ്യാഭ്യാസം നൽകുന്നതിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. സ്വയംരക്ഷയ്ക്കുവേണ്ടിയുള്ള കലകളിൽ വിദ്യാർത്ഥിനികൾക്ക് പരിശീലനം നൽകാൻകൂടി ഉദ്ദേശിക്കുന്നു. ഐ. ടി. വിദ്യാഭ്യാസം യു.പി. തലം വരെ വ്യാപിപ്പിക്കുന്നതും എഡ്യൂസാറ്റ് സൗകര്യങ്ങൾ എല്ലാ സ്കൂളുകളിലും ഏർപ്പെടുത്തുന്നതുമാണ്. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അവരുടെ ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനായി കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ ഒരു സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിക്കുന്നതാണ്. നിലവാരം കുറഞ്ഞ അദ്ധ്യാപനവും സർക്കാർ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നതും തടയാൻ അംഗീകാരമില്ലാത്ത സ്കൂളുകൾ നിർത്തലാക്കുന്നതിന് നടപടി എടുക്കുന്നതാണ്.

10. അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനായി ഹയർ സെക്കന്ററി തലത്തിൽ ഒരു മാനവ വിഭവശേഷി വികസന കേന്ദ്രം സ്ഥാപിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖലയിൽ, ഓരോ വൊക്കേഷണൽ ഹയർ സെക്കന്ററി (വി.എച്ച്.എസ്.) സ്കൂളിലും പരിശീലനത്തിനും ഉല്പാദനത്തിനും വേണ്ടിയുള്ള കേന്ദ്രങ്ങൾ രൂപീകരിക്കുവാനുദ്ദേശിക്കുന്നു. ഇപ്പോൾ കരിയർ ആന്റ് ഗൈഡൻസ് സെന്ററുകൾ

പ്രവർത്തിക്കുന്നതായ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലൊഴികെയുള്ള മറ്റു ജില്ലകളിൽ അത്തരം കേന്ദ്രങ്ങൾ തുറക്കുന്നതാണ്. സർക്കാർ വി. എച്ച്. എസ്. ഇ. സ്കൂളുകളിൽ നടപ്പിലാക്കിയ ഉൽപാദന പ്രവർത്തനപദ്ധതി ശേഷിക്കുന്ന 210 സർക്കാർ സ്കൂളുകളിലേക്കും ഈ വർഷം വ്യാപിപ്പിക്കും. തൊഴിലധിഷ്ഠിത വിഷയങ്ങളിൽ പരിശീലനത്തിനും ഗവേഷണത്തിനും വേണ്ടിയുള്ള ഒരു അന്താരാഷ്ട്ര പരിശീലന കേന്ദ്രവും പരിഗണനയിലുണ്ട്.

71. പ്രാഥമിക വിദ്യാഭ്യാസ രംഗത്തെ നേട്ടങ്ങളാൽ കേരളം അറിയപ്പെടുന്നുവെങ്കിലും ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളത്തിന്റെ സ്ഥാനം വളരെ പിന്നിലാണ്. മറ്റു സംസ്ഥാനങ്ങൾക്കൊപ്പം നിൽക്കണമെങ്കിൽ സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസം നടത്തുന്നവരുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതുണ്ട്. അതേ സമയം വർദ്ധിപ്പിച്ച അവസരങ്ങളുടെ പ്രയോജനം ലഭിക്കുന്നവർ ദരിദ്രവിഭാഗങ്ങളിൽ നിന്നുള്ളവരാണെന്ന് ഉറപ്പു വരുത്തുകയും വേണം. അർഹരായ വിദ്യാർത്ഥികൾക്ക് പൊതുവായി ഉന്നതവിദ്യാഭ്യാസത്തിനും പ്രത്യേകിച്ചും പ്രൊഫഷണൽ വിദ്യാഭ്യാസത്തിനും സാമ്പത്തിക സഹായം നൽകിക്കൊണ്ട് സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനുള്ള ഫലപ്രദമായ നടപടികൾ എന്റെ സർക്കാർ എടുക്കുന്നതാണ്.

72. ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി എന്റെ സർക്കാർ പ്രയത്നിക്കും. സർവ്വകലാശാലകളിലെ പാഠ്യപദ്ധതിയും ഗവേഷണവും പരിഷ്കരിക്കുന്നതിന് ഊന്നൽ നൽകും. സർവ്വകലാശാലകളിലെ അദ്ധ്യാപനത്തിന്റെ

രീതിയും പാഠ്യപദ്ധതിയുടെയും പാഠ്യവിഷയങ്ങളിലെ ഉള്ളടക്കത്തിന്റെയും നിരന്തരമായ മൂല്യനിർണയത്തിനും പ്രതികരണം ശേഖരിക്കുന്നതിനുംവേണ്ടി ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തും. ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്തുവാൻ ഗണ്യമായ സംഭാവന നൽകുന്നതിന് പൂർവ്വ വിദ്യാർത്ഥി സംഘടനകളെ ഉപയോഗപ്പെടുത്തും. വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ സർവ്വകലാശാലകളുടെ ഭരണനിർവ്വഹണം നവീകരിക്കും.

73. പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള പ്രവേശനം സംബന്ധിച്ച് ഇപ്പോൾ നിലവിലുള്ള നിയമത്തിലെ പോരായ്മകൾ നീക്കുന്നതിനും പ്രൊഫഷണൽ വിദ്യാഭ്യാസം സാധാരണക്കാർക്ക് പ്രാപ്യമാക്കുന്നതിനും വേണ്ടി ഒരു സമഗ്ര നിയമനിർമ്മാണം നടത്തുന്നതാണ്. വിദ്യാഭ്യാസത്തെ വ്യവസായവൽക്കരിക്കുവാനുള്ള ഇപ്പോഴത്തെ പ്രവണത ഒരു കാരണവശാലും അനുവദിക്കുന്നതല്ല. പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ഒരു അതിവേഗ സംവിധാനം ഏർപ്പെടുത്തുന്നതുവഴി കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ ഐ. ഐ. റ്റി. നിലവാരത്തിലേക്ക് വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ എന്റെ സർക്കാർ ത്വരിതപ്പെടുത്തുന്നതാണ്. കേരള സംസ്ഥാന ഓപ്പൺ യൂണിവേഴ്സിറ്റി നടപ്പു സാമ്പത്തിക വർഷത്തിൽ തുടങ്ങുകയും വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനത്തിനുള്ള മെച്ചപ്പെട്ട വഴി ഒരുക്കിക്കൊണ്ട് പ്രൊഫഷണൽ കോളേജുകളിലേക്കുള്ള പ്രവേശനപരീക്ഷാ സമ്പ്രദായം നവീകരിക്കുന്നതിന് സമഗ്രമായ നടപടികൾ ആരംഭിക്കുകയും ചെയ്യുന്നതാണ്.

74. ഗണിതശാസ്ത്രത്തിലുള്ള ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ അറ്റോമിക് എനർജി വകുപ്പിന്റെ കീഴിലെ നാഷണൽ ബോർഡ് ഓഫ് ഹയർ മാത്തമാറ്റിക്സ് (എൻ. ബി. എച്ച്. എം.) മായി സഹകരിച്ച് ഒരു സംയുക്ത സംരംഭമായ കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആരംഭിക്കാൻ ശാസ്ത്ര സാങ്കേതിക വകുപ്പ് ഉദ്ദേശിക്കുന്നു. വ്യവസായവൽക്കരണത്തിനും, പ്രായോഗിക ഗവേഷണ പദ്ധതികൾക്കും ജൈവസാങ്കേതിക പദ്ധതിയിൽ പ്രത്യേക ഊന്നൽ നൽകുന്നതാണ്. ജലത്തെ സംബന്ധിച്ച മേഖലയിൽ ഒരു "എൻവയോൺമെന്റ് മോണിറ്ററിംഗ് പ്രോജക്ട്" ആരംഭിച്ചിട്ടുണ്ട്. പരിസ്ഥിതി-വന മന്ത്രാലയത്തിന്റെ സഹായത്തോടെ ഓരോ ജില്ലയിലും 250 സ്കൂളുകളിൽ നാഷണൽ ഗ്രീൻ കോർ (ഇക്കോ ക്ലബ്ബുകൾ) എന്റെ സർക്കാർ ആരംഭിക്കുന്നതാണ്. ശാസ്ത്ര മേഖലയിൽ കുട്ടികളുടെ പ്രതിഭ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതിയിൽ (എസ്. പി. വൈ. ടി ഐ. എസ്.) സ്കൂൾ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാൻ പ്രോത്സാഹിപ്പിക്കുകയും ശാസ്ത്ര പ്രചരണ പരിപാടികളിലും (പോപ്പുലറൈസേഷൻ പ്രോഗ്രാം) ഊർജ്ജ പരിസ്ഥിതി സംരക്ഷണത്തിലും, ജലസംരക്ഷണത്തിലും, വന സംരക്ഷണത്തിലും മറ്റു പ്രസക്ത ശാസ്ത്ര സാങ്കേതിക മേഖലകളിലും ശ്രദ്ധ പതിപ്പിക്കുകയും ചെയ്യുന്നതാണ്. ബൗദ്ധിക സ്വത്തവകാശവുമായി (ഐ. പി. ആർ.) ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും സഹായം നൽകുന്നതിന് പേറ്റന്റ് ഇൻഫർമേഷൻ സെന്റർ (പി. ഐ. സി.) കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

75. നമ്മുടെ സമൂഹം ഊർജ്ജസ്വലമായ ഒരു സമൂഹമായി വളരുന്നതിന് സംസ്ഥാനത്തിന്റെ സാംസ്കാരിക പൈതൃക സംരക്ഷണം നിർണ്ണായകവും അതിന് എന്റെ സർക്കാർ അർഹമായ പ്രാധാന്യം നൽകുന്നതുമാണ്. സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സാംസ്കാരിക സ്ഥാപനങ്ങളും അക്കാദമികളും ശക്തമായ പൗരപങ്കാളിത്തത്തോടുകൂടിയ ജനാധിപത്യ സ്ഥാപനങ്ങളായി ശക്തിപ്പെടുത്തുന്നതാണ്.

76. സംസ്ഥാന പുരാവസ്തു വകുപ്പ് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയും, കേരള ചരിത്ര ഗവേഷണ കൗൺസിലിന്റെ സഹായത്തോടെയും പുരാവസ്തു ശാസ്ത്രപരമായും/ചരിത്രപരമായും, അല്ലെങ്കിൽ, പുരാവസ്തുപരമായോ, ചരിത്രപരമായോ, പ്രാധാന്യമുള്ള നിർമ്മാണങ്ങൾ, ചുവർചിത്രങ്ങൾ, അമ്പലങ്ങൾ മുതലായവ കണ്ടെത്തുന്നതിനും സംരക്ഷിക്കുന്നതിനും ഒരു പദ്ധതി നടപ്പിലാക്കുന്നതാണ്. പദ്ധതിയിൽ നാട്ടുചരിത്ര പഠനവും ഡോക്യുമെന്റേഷനും ഉൾപ്പെടുന്നതാണ്. ദാരിദ്ര്യത്തിലാഴ്ന്ന കലാകാരന്മാർക്കുള്ള വിഹിതവും അഗതികളായ കലാകാരന്മാർക്കും സാംസ്കാരിക പ്രവർത്തകർക്കുമുള്ള ചികിത്സാ സഹായവും ഗണ്യമായി വർദ്ധിപ്പിക്കുന്നതാണ്.

77. ഭാരത സർക്കാർ കലാമണ്ഡലത്തെ കല്പിത സർവ്വകലാശാലയായി താൽക്കാലികമായി അംഗീകരിച്ചിട്ടുണ്ട് ഈ അവസരം പ്രയോജനപ്പെടുത്താനും കലാമണ്ഡലത്തിന് ശ്രദ്ധാപൂർവ്വം സ്ഥാനം നൽകിയും അക്കാദമിക് ഗവേഷണം പരിപോഷിപ്പിച്ചും സാംസ്കാരിക ദർശനം വിപുലമാക്കി ഭാരതത്തിനകത്തും പുറത്തും എത്തിക്കുകയും ചെയ്യുക വഴി

സാംസ്കാരിക മികവുള്ള ഒരു സ്ഥാപനമായി ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നു. കല്പിത സർവ്വകലാശാലയുടെ കീഴിൽ കുഞ്ചൻനമ്പ്യാർ സ്മാരകം തുള്ളൽ പഠനത്തിനുവേണ്ടിയുള്ള ഒരു കേന്ദ്രമായി ഉയർത്തുന്നതാണ്. 2006-മാണ്ട് രാജാരവിവർമ്മയുടെ നൂറാം ചരമവാർഷികമാണ്. അദ്ദേഹത്തിന്റെ അമൂല്യമായ നിരവധി സൃഷ്ടികൾ സൂക്ഷിച്ചിട്ടുള്ള ശ്രീ ചിത്രാ ആർട്ട് ഗാലറി മോടി പിടിപ്പിക്കാനും ന്യൂഡൽഹിയിലെ ദേശീയ മ്യൂസിയത്തിൽ ഏല്പിച്ചിരിക്കുന്ന 49 രാജാ രവിവർമ്മ ചിത്രരചനകൾ ഈ വർഷം തന്നെ പൂർണ്ണമായും വീണ്ടെടുക്കുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. 12-ാം ധനകാര്യ കമ്മീഷൻ അവാർഡിൻകീഴിൽ തൃപ്പൂണിത്തുറ ഹിൽ പാലസിന്റെയും തിരുവനന്തപുരം നേപ്പിയർ മ്യൂസിയത്തിന്റെയും സംരക്ഷണം ഏറ്റെടുക്കുന്നതാണ്.

76. ഇപ്പോൾ ഏറ്റെടുക്കൽ നടപടികൾ നടന്നുകൊണ്ടിരിക്കുന്ന തിരുവനന്തപുരത്തെ ശ്രീപാദം കൊട്ടാരം സംസ്ഥാന പുരാവസ്തു വകുപ്പിന്റെ പക്കലുള്ള ചരിത്രപരമായും പുരാവസ്തു ശാസ്ത്രപരമായും പ്രാധാന്യമുള്ള നാണയശേഖരം സൂക്ഷിക്കുന്നതിനുള്ള ന്യൂമിസ്മാറ്റിക് മ്യൂസിയമാക്കി മാറ്റി സംരക്ഷിക്കുന്നതാണ്. ജനങ്ങൾ എങ്ങനെ ചരിത്രം രചിച്ചു എന്നു വിവരിക്കുന്ന കേരളത്തിലെ ജനകീയ പ്രക്ഷോഭങ്ങളെ കേന്ദ്രീകരിച്ച്, പുന്നപ്ര വയലാർ സ്മാരകമായി പൊതുപ്രവർത്തനം സംബന്ധിച്ച ഒരു അന്താരാഷ്ട്രീയ ചരിത്ര മ്യൂസിയം സ്ഥാപിക്കുന്നതാണ്. 1857-ലെ ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യസമരത്തിന്റെ 150-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി ഇത് ആരംഭിക്കുന്നതാണ്.

79. സ്പോർട്സ് മേഖലയിൽ കേരളം ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും, സ്പോർട്സ് കൗൺസിലിന്റെ നവീകരണത്തിനായി ഒരു നിയമനിർമ്മാണം കൊണ്ടുവരുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. സ്പോർട്സിനെ സംബന്ധിക്കുന്ന നിലവിലുള്ള ആക്ടുകളും ചട്ടങ്ങളും പുനഃപരിശോധിക്കുകയും പ്രാദേശിക തലത്തിലും സംസ്ഥാനതലത്തിലും സ്പോർട്സ് പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരുകയും ചെയ്യും.

80. പ്രതിരോധത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള മെച്ചപ്പെട്ട ആരോഗ്യ സംരക്ഷണം, പ്രാഥമിക, ദ്വിതീയ, ത്രിതീയ തലത്തിലുള്ള ആശുപത്രികളിൽ നിന്നും പാവപ്പെട്ടവർക്കും അശരണർക്കും താങ്ങാവുന്ന ചെലവിൽ വൈദ്യസഹായവും നൽകുന്നത് ഉറപ്പുവരുത്തുവാൻ എന്റെ സർക്കാരിന് പ്രതിബദ്ധതയുണ്ട് എന്നുള്ളത് എടുത്തുപറയുന്നു. മാതൃ-ശിശു ആരോഗ്യം, കൗമാരക്കാരുടെയും വൃദ്ധരുടെയും ആരോഗ്യ സംരക്ഷണം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ആരോഗ്യ സംരക്ഷണം പ്രദാനം ചെയ്യുന്നതിനായി ഒരു ലൈഫ് സൈക്കിൾ അപ്രോച്ച് സ്വീകരിക്കുന്നതാണ്.

81. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ മെച്ചപ്പെട്ട രീതിയിൽ പങ്കെടുപ്പിച്ചുകൊണ്ട് സ്റ്റേറ്റ് ഹെൽത്ത് മിഷനും ഡിസ്ട്രിക്റ്റ് ഹെൽത്ത് മിഷനുകളും സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ എന്റെ സർക്കാർ എടുക്കുന്നതാണ്. ജലവിഭവ വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ്, തദ്ദേശ ഭരണ സ്ഥാപനങ്ങൾ പോലുള്ള സമാനശ്രേണിയിലുള്ള വകുപ്പുകളിൻകീഴിലുള്ള വിവിധ പദ്ധതികളെ ഏകോപിപ്പിച്ച് ആരോഗ്യ സംരക്ഷണം

പ്രദാനം ചെയ്യുന്നത് ശക്തിപ്പെടുത്തുന്നതാണ്. ഈ ലക്ഷ്യം മനസ്സിൽക്കണ്ടുകൊണ്ട് സമഗ്രവും, സംയോജിതവും, വികേന്ദ്രീകൃതവുമായ സമീപനം സ്വീകരിച്ചുകൊണ്ട് ആരോഗ്യ പരിപാലനം, ശുചിത്വം, കുടിവെള്ളം, പോഷകാഹാരം, മാലിന്യനിർമ്മാർജ്ജനം എന്നിവയ്ക്കായി സാമൂഹ്യനിയന്ത്രണവും ഉടമസ്ഥതയും അന്തർലീനഘടകമായിട്ടുള്ള ഒരു ജനകീയ ആരോഗ്യ പരിപാടി ആവിഷ്കരിക്കുന്നതും നടപ്പിലാക്കുന്നതും ആണ്. ആദിവാസി ജനവിഭാഗം, മത്സ്യത്തൊഴിലാളി സമുദായം, ശാരീരികവും മാനസികവുമായ വൈകല്യമുള്ള വ്യക്തികൾ എന്നീ ദുർബല വിഭാഗങ്ങളെ ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു കേന്ദ്രീകൃത പദ്ധതിയുംകൂടി നടപ്പിലാക്കുന്നതാണ്.

92. സാംക്രമികരോഗങ്ങളും ജീവിതരീതി മൂലമുണ്ടാകുന്നതുമായ രോഗങ്ങളുടെ ഗണ്യമായ വർദ്ധനവും കൂടാതെ പകർച്ചവ്യാധികളുടെ കൂട്ടത്തോടെയുള്ള തിരിച്ചുവരവുമാണ് കേരളത്തിലെ രോഗാവസ്ഥയുടെ ചിത്രം തുറന്നുകാട്ടുന്നത്. അതിനാൽ, എന്റെ സർക്കാർ, ഇത്തരം രോഗാവസ്ഥ നേരിടുന്നതിന് ഫലപ്രദമായ ചികിത്സയും, പൊതു ജനാരോഗ്യ സമീപനവും സ്വീകരിക്കുന്നതാണ്.

93. ആരോഗ്യ വകുപ്പിന്റെ മരുന്നുകളും ഉപകരണങ്ങളും സംഭരിക്കുന്നതിലെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും, സുതാര്യമാക്കുന്നതിനും, ഒരു സമഗ്ര "കമ്പ്യൂട്ടറൈസ്ഡ് പ്രൊക്യൂർമെന്റ് ആന്റ് ഇൻവെന്ററി മാനേജ്മെന്റ് സിസ്റ്റം" കൊണ്ടുവരുന്നതാണ്. സ്ഥാപനങ്ങളെ ശക്തിപ്പെടുത്തിയും, അവയുടെ പ്രവർത്തന സ്വാതന്ത്ര്യം ഉറപ്പുവരുത്തിയും, മെഡിക്കലും പാരാ-മെഡിക്കലുമായ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിനെ എ. ഐ. ഐ. എം. എസ്.-ന് തുല്യമായ പദവി നല്കി,

'സെന്റർ ഓഫ് എക്സലൻസ്' ആയി ഉയർത്തുന്നതാണ്. ആരോഗ്യമേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള നടപടികൾ എന്റെ സർക്കാർ എടുക്കുന്നതാണ്. കൂടാതെ പ്രതിഭകളെ ആകർഷിക്കുന്നതിനും നിലനിർത്തുന്നതിനും സർക്കാർ മേഖലയിലെ ഡോക്ടർമാരുടെ സേവന വ്യവസ്ഥകൾ ഉചിതമായി പരിഷ്കരിക്കുന്നതാണ്.

84. ഹോമിയോപ്പതി, ആയുർവേദം, മറ്റ് ഭാരതീയ ചികിത്സാ സമ്പ്രദായങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതാണ്. ആയുർവേദ മരുന്നുല്പന്നങ്ങളുടെ വികസനത്തിനും പ്രത്യേക ആയുർവേദ ചികിത്സക്കുമുള്ള ഗവേഷണത്തിനും സവിശേഷ ശ്രദ്ധ ഉണ്ടായിരിക്കുന്നതാണ്.

85. സ്ത്രീകളെയും കുട്ടികളെയും സംബന്ധിക്കുന്ന സാമൂഹികവും വികസനപരവുമായ സൂചകങ്ങൾ പ്രകാരം രാജ്യത്തെ മറ്റു സംസ്ഥാനങ്ങൾക്കിടയിൽ കേരളം പ്രഥമസ്ഥാനത്ത് നിലകൊള്ളുന്നു. എന്നിരുന്നാലും, നമ്മുടെ നേട്ടങ്ങൾ നിലനിർത്തുന്നതിനും, നമ്മുടെ സ്ത്രീകളുടെയും കുട്ടികളുടെയും സർവ്വതോന്മുഖമായ ക്ഷേമത്തിനും പുരോഗമനത്തിനും വേണ്ടിയും കൂടുതൽ കേന്ദ്രീകൃതവും സമഗ്രവും സംയോജിതവുമായ സമീപനം ആവശ്യമാണ്. സ്ത്രീകളും ശിശുവികസനവും എന്ന ഒരു പ്രത്യേക വകുപ്പ് രൂപപ്പെടുത്തുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നുവെന്ന് പ്രഖ്യാപിക്കുന്നതിൽ ഞാൻ സന്തുഷ്ടനാണ്.

46. സമഗ്ര ശിശു വികസന സേവനങ്ങളുടെ വ്യാപ്തി കൂടുതൽ വിപുലമാക്കുന്നതാണ്. കേന്ദ്ര സർക്കാർ കൂടുതലായി അനുവദിച്ച 3260 അംഗൻവാടികൾ, കുട്ടികളുടെ പോഷകാഹാര നിലവാരം, സംസ്ഥാന ശരാശരിയെക്കാൾ കുറവായതും, പ്രത്യേകിച്ച് സംസ്ഥാനത്തെ തീരദേശ പ്രദേശങ്ങൾ, ഗോത്രവർഗ്ഗ പ്രദേശങ്ങൾ, നഗരത്തിലെ ചേരിപ്രദേശങ്ങൾ, എത്തിച്ചേരാൻ സാധ്യമല്ലാത്ത പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. അതിലുപരിയായി പോഷകാഹാരക്കുറവ് ലഘൂകരിക്കുന്നതിനായി മൂന്ന് വയസ്സിന് താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും 'ടേക്ക് ഹോം റേഷൻസ്' ലഭ്യമാക്കുന്നതാണ്. നമ്മുടെ അംഗൻവാടികൾ സാമൂഹ്യവികസന കേന്ദ്രങ്ങൾ ആയി വീണ്ടും വികസിപ്പിക്കുന്നതും, അംഗൻവാടി ജീവനക്കാരുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള വഴികൾ സർക്കാർ ആരായുന്നതുമാണ്.

47. എന്റെ സർക്കാരിന് ദുരിതം അനുഭവിക്കുന്ന കൊച്ചു കുട്ടികളുടെ അവസ്ഥയിൽ, അത് ഏതു കാരണത്താലായാലും, അതീവ ശ്രദ്ധയുള്ളതാകുന്നു. അത്തരത്തിലുള്ള പീഡിതരായ കുട്ടികളെ സഹായിക്കുന്നതിനായി "ചൈൽഡ് ലൈൻ സർവ്വീസുകൾ" സംസ്ഥാന സഹായത്തോടുകൂടി പാലക്കാട്, കണ്ണൂർ, കാസർകോഡ്, മലപ്പുറം ജില്ലകളിൽ നിന്നു തുടങ്ങി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതുമാണ് കൂടാതെ, ബാലനീതി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ദത്തെടുക്കലോ പരിരക്ഷയാവശ്യമുള്ള എല്ലാ അനാഥക്കുഞ്ഞുങ്ങളുടെയും സംരക്ഷണം സർക്കാർ പ്രോത്സാഹിപ്പിക്കുന്നതാണ്.

[illegible]. നമ്മുടെ അംഗവൈകല്യമുള്ള സഹോദരങ്ങളുടെ ഉന്നമനത്തിനായി ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ശൈശവ കാലവൈകല്യങ്ങൾ മുൻകൂട്ടികണ്ടെത്തുന്നതിനായി അംഗൻവാടി ജീവനക്കാരെ പരിശീലിപ്പിക്കുന്നതാണ്. ബാല്യകാലത്തിൽ കുട്ടികളിലുള്ള മാറ്റാവുന്ന പഠന-ശാരീരിക വൈകല്യങ്ങൾ കുറയ്ക്കുന്നതിന് ഇത് വളരെ സഹായകമാകുന്നതാണ്. കുള്ളന്മാരെയും ചെറിയ ശരീരപ്രകൃതിയുള്ള സ്ത്രീകളെയും പുരുഷന്മാരെയും വികലാംഗ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതാണ്.

[illegible]. രാജ്യത്തെ ഏറ്റവും മികച്ചതായ ഈ സംസ്ഥാനത്തിലെ പൊതുവിതരണ സമ്പ്രദായം പുതിയ പരിഷ്കാരം കൊണ്ട് ക്രമമായി ക്ഷയിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാവർക്കും റേഷൻ നൽകുന്ന സമ്പ്രദായത്തിൽനിന്നും ലക്ഷ്യമിട്ടിരിക്കുന്ന പ്രത്യേക വിഭാഗത്തിനുമാത്രം റേഷൻ നൽകുന്ന സമ്പ്രദായത്തിലേയ്ക്കുള്ള മാറ്റം ഒരു വലിയ അനുപാതത്തിലുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെപ്പോലും പൊതുവിതരണ സമ്പ്രദായത്തിൽ നിന്നും ഒഴിവാക്കിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത്, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 14.16 ലക്ഷം കുടുംബങ്ങൾ ഉണ്ട്. എങ്കിൽപോലും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 9.58 ലക്ഷം കുടുംബങ്ങൾക്ക് മാത്രമേ ഭക്ഷ്യധാന്യങ്ങൾ അനുവദിക്കുവാൻ കേന്ദ്ര സർക്കാർ വ്യവസ്ഥ ചെയ്തിട്ടുള്ളൂ. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വിഭാഗത്തിൽ നിന്നും അനർഹരായ വ്യക്തികളെ കണ്ടുപിടിച്ച് ഒഴിവാക്കുവാനും അർഹരായ വ്യക്തികളെ പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തുവാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാവപ്പെട്ടവർക്ക് കിലോയ്ക്ക് 3 രൂപ നിരക്കിൽ അരി വിതരണം ചെയ്യുവാൻ കഴിഞ്ഞ സർക്കാർ വ്യവസ്ഥകളൊന്നും ഉണ്ടാക്കിയിട്ടില്ലെങ്കിൽ പോലും, പ്രതിമാസം 10 കോടി രൂപ ആവശ്യമായിവരുന്ന ഈ പദ്ധതി തുടരുന്നതാണ്.

൯൦. മാവേലി സ്റ്റോറുകൾ ആരംഭിച്ചതിന്റെ രജത ജൂബിലി വർഷത്തിൽ, എന്റെ സർക്കാർ, മാവേലി സ്റ്റോറുകൾ, ലാഭം മാർക്കറ്റ്, ശബരി സൂപ്പർ മാർക്കറ്റുകൾ, എ ആർ ഡി ശബരി സ്റ്റോറുകൾ എന്നിവിടങ്ങളിലെ സേവന പ്രദാന നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സപ്ലൈകോയുടെ കീഴിൽ നടപ്പു വർഷം കൂടുതൽ മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുന്നതാണ്. കൂടാതെ, സംസ്ഥാനത്തെ കർഷകർക്ക് ഒരു സ്ഥിരമായ കമ്പോളവും സ്ഥിരമായ വിലനിലവാരവും ഉറപ്പാക്കുന്നതിനുവേണ്ടി എന്റെ സർക്കാർ, കർഷകരിൽ നിന്ന് നേരിട്ട് നെല്ല് സംഭരിച്ച് അരിയാക്കിമാറ്റി, പൊതുവിതരണ സമ്പ്രദായം മുഖേന വിതരണം നടത്തുന്നതിന് കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനെ അധികാരപ്പെടുത്തിയിട്ടുള്ളതാകുന്നു. ഉത്സവകാലങ്ങളിൽ വിപണന ഇടപെടലുകൾ ശക്തിപ്പെടുത്തുന്നതിനായി ഉപഭോക്താക്കൾക്ക് ഓണത്തിന് ഒരു പ്രത്യേക പ്രോത്സാഹനം നൽകുന്ന കാര്യവും പരിഗണിച്ചുവരുന്നു.

൯൧. പൊതുജന സേവനത്തിന്റെ കാര്യത്തിൽ, കേരളത്തിന് സുദീർഘവും പ്രശസ്തവുമായ ഒരു പാരമ്പര്യമാണ് ഉള്ളത്. ഇത്തരം സേവനങ്ങളുടെ നിലവാരം നിരീക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും ഉള്ള കഴിവ് സ്വായത്തമാക്കുന്നതിനായി ഭാരത സർക്കാരിന്റെ സഹായത്തോടെ 'സെന്റർ ഫോർ ഗുഡ് ഗവേണൻസ്' (സി. ജി. ജി.) സ്ഥാപിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഇത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ (ഐ. എം. ജി.) കാമ്പസിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനം ആയിരിക്കുന്നതാണ്. ഉന്നത നിലവാരത്തിലുള്ള പ്രവർത്തനം നേടുന്നതിനും പൊതുജന സേവന സ്ഥാപനങ്ങൾക്ക് മാർഗ്ഗദർശനം നൽകുന്നതിനും, കൈപിടിച്ചുയർത്തുന്നതിനുമാണ് ഇത് ലക്ഷ്യമിട്ടിട്ടുള്ളത്.

92. സർക്കാരിന്റെ പ്രവർത്തനങ്ങൾ ഔദ്യോഗികവും ജനസൗഹൃദപരവും ആക്കുന്നതിനുള്ള അടിസ്ഥാന ഭരണ പരിഷ്കാരങ്ങൾ കൊണ്ടുവരുന്നതിന് എന്റെ സർക്കാർ മുൻഗണന നൽകുന്നതാണ്. ഇതിന്റെ തുടക്കമായി മൂന്നാം ഭരണ പരിഷ്കാര കമ്മീഷന്റെ പതിനഞ്ചു റിപ്പോർട്ടുകൾ നടപ്പിലാക്കുന്നതാണ്. ഭരണ പരിഷ്കാരത്തിന് സുതാര്യതയാണ് ഏറ്റവും നല്ല രൂപമെന്ന് എന്റെ സർക്കാർ വിശ്വസിക്കുന്നു. അതിനാൽ, ഭരണം സുതാര്യവും സാധാരണക്കാരന് പൂർണ്ണമായി പ്രാപ്യവുമാക്കുന്നതിനായി വിവരാവകാശ നിയമത്തിൽ ലഭ്യമാക്കിയിട്ടുള്ള അവസരങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതാണ്. എന്റെ സർക്കാർ അതിന്റെ എല്ലാ പ്രധാനമായ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് മുൻകൈയെടുത്ത് പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നു. ഈ ആവശ്യത്തിലേക്കായി ഓരോ വകുപ്പും വിവരങ്ങൾ നിർബന്ധമായും വെളിപ്പെടുത്തേണ്ട ഇനങ്ങളുടെ ഒരു ലിസ്റ്റ് തയ്യാറാക്കുകയും അങ്ങനെ ലഭ്യമാക്കുന്ന വിവരങ്ങൾ സാധാരണക്കാരന് മനസ്സിലാകുന്ന രൂപത്തിലും ഭാഷയിലും ആയിരിക്കുന്നതുമാണ്. ഇത് സർക്കാരിന്റെ പ്രവർത്തനങ്ങളുടെ നിരന്തരമായ പൊതുജന പരിശോധനയ്ക്ക് സഹായകമാകുന്നതാണ്.

93. പാർലമെന്ററികാര്യ വകുപ്പ് ഇപ്പോൾ അതിന്റെ ശൈശവാവസ്ഥയിലാണ്. ഈ വകുപ്പിനെ വളരെ ഊർജ്ജസ്വലതയുള്ള ഒരു വകുപ്പായി വളർത്തുന്നതിന് ഒരു പുനഃക്രമീകരണവും, വർധിച്ച പരിപോഷണവും സഹായിക്കുന്നതാണ്. സർക്കാരിനെയും നിയമനിർമ്മാണ സഭയെയും തമ്മിൽ ഏകോപിപ്പിക്കുക എന്ന ഇതിന്റെ പ്രാഥമിക ചുമതലയ്ക്ക് ഉപരിയായി നമ്മുടെ ഭരണഘടനാപരമായ ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്ന വിശാലമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ഈ വകുപ്പ് ഉദ്ദേശിക്കുന്നു. പാർലമെന്ററി ജനാധിപത്യത്തിൽ പഠനവും ഗവേഷണവും പരിശീലനവും നൽകുന്ന ഒരു സ്ഥാപനമായി ഈ വകുപ്പിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിനെ വികസിപ്പിക്കുന്നതാണ്.

94. യുവജനങ്ങളെ സംബന്ധിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും അതിനുള്ള പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനും ദേശീയ യുവജന കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരം ഒരു സംസ്ഥാന യുവജന കമ്മീഷൻ രൂപീകരിക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. തൊഴിൽ രഹിതരെയും തൊഴിലുടമകളെയും സഹായിക്കുന്നതിനുവേണ്ടി തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഇൻഡ്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷനുമായി സഹകരിച്ച് വിവര സാങ്കേതിക വിദ്യയ്ക്കും ഉപഗ്രഹ വിദ്യാഭ്യാസത്തിനുമുള്ള കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നതിന് യൂത്ത് ക്ലബ്ബുകൾ, പ്രത്യേകിച്ചും ഗോത്രവർഗ്ഗക്കാരുടെയും പിന്നോക്ക വിഭാഗത്തിലുള്ളവരുടെയും പ്രദേശങ്ങളിൽ സ്ഥാപിക്കുന്നതിനുംകൂടി ഉദ്ദേശിക്കുന്ന എന്റെ സർക്കാർ യുവജനങ്ങളുടെ മെച്ചപ്പെട്ട പങ്കാളിത്തത്തോടുകൂടി കേരളോത്സവവും സംഘടിപ്പിക്കുന്നതാണ്.

95. തൊഴിലുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ, സമാധാനപരവും നൂതനവുമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി ഒരു ഇൻഡസ്ട്രിയൽ റിലേഷൻ ബോർഡ് എന്റെ സർക്കാർ രൂപവൽക്കരിക്കുന്നതാണ്. വ്യവസായികൾക്കും, നിക്ഷേപകർക്കും പ്രോത്സാഹനവും സംരക്ഷണവും നൽകുന്നതിനുകൂടി എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പുതിയ നിക്ഷേപകർക്ക് ബുദ്ധിമുട്ട് കൂടാതെ, പ്രശ്നങ്ങൾ പരിഹരിച്ചു കിട്ടുന്നതിന് നിലവിലുള്ള ഏകജാലക ക്ലിയറിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതും കൂടുതൽ ഫലപ്രദ മാക്കുന്നതുമാണ്. നിർണ്ണയിക്കപ്പെട്ട ഏറ്റവും കുറഞ്ഞ വേതനം യഥാസമയം പുതുക്കുന്നതും ഏറ്റവും കുറഞ്ഞ വേതനം നിർണ്ണയിക്കപ്പെട്ടിട്ടില്ലാത്ത മേഖലകളിൽ അവ നിർണ്ണയിക്കുന്ന തുമാണ്. ലേബർ എൻഫോഴ്സ്മെന്റ് വിംഗിന്റെ പ്രവർത്തനം

കാര്യക്ഷമമാക്കുന്നതാണ്. എല്ലാ അസംഘടിത മേഖലയിലേക്കും ക്ഷേമ പദ്ധതികളുടെ പരിരക്ഷ വർദ്ധിപ്പിക്കുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമായിരിക്കുന്നതും അതുകൊണ്ടുതന്നെ വിവിധ അപരിരക്ഷിത മേഖലകൾക്കും പുതിയ ക്ഷേമ പദ്ധതികൾ ഘട്ടംഘട്ടമായി നടപ്പാക്കുന്നതുമാണ്. എല്ലാ ക്ഷേമ പദ്ധതികളുടെയും കീഴിലുള്ള ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതും, ജോലിസ്ഥലങ്ങളിലെ സ്ത്രീകളുടെ സുരക്ഷിതത്വവും അന്തർ സംസ്ഥാന കുടിയേറ്റ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതും, എന്റെ സർക്കാർ ഉറപ്പുവരുത്തുന്നതാണ്.

96. പട്ടികജാതികളുടെയും പട്ടികഗോത്രവർഗ്ഗങ്ങളുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവരുടെ പദവി മെച്ചപ്പെടുത്തുന്നതിനും മുൻകൈയെടുത്തു പ്രവർത്തിക്കുന്നതിൽ കേരളം എന്നും വഴികാട്ടിയായിരുന്നു. ഇപ്പോൾ ഉയർന്നുവരുന്ന സമ്പദ്‌വ്യവസ്ഥയിൽ അവസരങ്ങൾ പിടിച്ചുവാങ്ങുന്നതിനു വേണ്ടിയുള്ള നിഷ്കരുണവും നീതി രഹിതവുമായ മത്സരത്തിൽ ഈ ദുർബലവിഭാഗങ്ങൾ വീണ്ടും പുറംതള്ളപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട്, എന്റെ സർക്കാർ പട്ടികജാതി-പട്ടികഗോത്രവർഗ്ഗങ്ങളുടെ ദീർഘകാല വികസനത്തെ സംബന്ധിച്ച പ്രശ്നങ്ങളെ പ്രത്യേകമായി പരിഹരിക്കുന്നതിന് പ്രയത്നിക്കുന്നതും, ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി സ്പെഷ്യൽ കമ്പോണന്റ് പ്ലാനും, ട്രൈബൽ സബ് പ്ലാനും പുനരാവിഷ്കരിക്കുന്നതുമാണ്. പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്കായി നീക്കിവച്ചിട്ടുള്ള തുക വക മാറ്റി ചിലവഴിക്കുകയോ, ദുർവ്യയം ചെയ്യുകയോ ചെയ്യുന്നത് കുറ്റകരമായി കണക്കാക്കുകയും ദളിതരുടെയും ആദിവാസികളുടെയും സമഗ്ര വികസനത്തിന് സഹായകമായി സിവിൽ അവകാശങ്ങൾ സംരക്ഷണ ആക്റ്റിന് പുതിയ അർത്ഥവും ദിശയും നൽകുന്നതുമാണ്.

97. പാർപ്പിടം, വൈദ്യുതി, കുടിവെള്ളം, ഭൂരഹിതരായവർക്ക് ഭൂമി, വിദ്യാഭ്യാസം, ആരോഗ്യം എന്നിവ പോലെയുള്ള അടിസ്ഥാന ആവശ്യങ്ങൾക്ക് വേണ്ടിയുള്ള വ്യവസ്ഥകൾ ഇടപെടലുകളാവശ്യമായ പ്രധാന ലക്ഷ്യസ്ഥാനങ്ങളായി തുടരുന്നതാണ്. സംവിധാനം നടപ്പാക്കിയതിലെ പോരായ്മകൾ കണ്ടെത്തുന്നതിന് വിശദമായ ഒരു സർവ്വേ നടത്തുന്നതും അവ എത്രയും പെട്ടെന്ന് നികത്തുന്നതുമാണ്. വിദ്യാഭ്യാസാനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതാണ്. പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ വിദ്യാർത്ഥികളിൽ നിന്ന് പ്രതിഭാശാലികളായ വിദ്യാർത്ഥികളെ കണ്ടെത്തി, അവർക്ക് വിദേശപഠനത്തിനുള്ള സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതാണ് പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ വിഭാഗങ്ങൾക്കായി ഒരു നഴ്സിംഗ് കോളേജ് തുടങ്ങുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള തിരഞ്ഞെടുക്കപ്പെട്ട വ്യാവസായിക പരിശീലന കേന്ദ്രങ്ങളെ അപ്ഗ്രേഡ് ചെയ്യുന്നതും ഉത്പ്പാദന പരിശീലന കേന്ദ്രങ്ങളായികൂടി പ്രവർത്തിക്കുന്ന താമസസൗകര്യമുള്ള മാതൃകാ വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതും അങ്ങനെ പട്ടിക സമുദായങ്ങളുടെ തൊഴിൽ ശേഷി വർദ്ധിപ്പിക്കുന്നതുമാണ്. ചെറുകിട സംരംഭങ്ങൾക്കും സൂക്ഷ്മസംരംഭങ്ങൾക്കും വേണ്ടിയുള്ള വ്യാവസായിക സംരംഭ പരിപാടികൾ ശക്തിപ്പെടുത്തുന്നതാണ്.

98. സംസ്ഥാനത്ത് 671-ലധികം സെറ്റിൽമെന്റുകളിലായി വ്യാപിച്ചുകിടക്കുന്ന ഏകദേശം 18,500-ഓളം ആദിവാസി കുടുംബങ്ങൾ വനമേഖലയിൽ താമസിക്കുന്നു. വനം വകുപ്പിന്റെ സാങ്കേതിക പിന്തുണയോടുകൂടി "വനമേഖലയ്ക്കുള്ളിൽ താമസി

ക്കുന്ന ആദിവാസികളുടെ ക്ഷേമത്തിനായുള്ള പദ്ധതി" എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു. ആദിവാസികളെ വനം മാഫിയകളുടെയും, ലൈംഗിക ചൂഷണത്തിന്റെയും പിടിയിൽനിന്നും വിമുക്തരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. തൊഴിൽ നൽകുന്നതിനും, വരുമാനം ഉണ്ടാക്കുന്നതിനുമായി കൃഷി, വ്യവസായം, കയർ മറ്റു പരമ്പരാഗത മേഖലകൾ എന്നിവ പോലെയുള്ള വിവിധ മേഖലകളിലെ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുനഃസംഘടിപ്പിക്കുന്നതിനും; ശക്തിപ്പെടുത്തുന്നതിനും കൂടി എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. വിവിധ ആദിവാസി വിഭാഗങ്ങളുടെ പരമ്പരാഗതമായ വൈവിദ്ധ്യം പരിപോഷിപ്പിക്കുന്നതാണ്. പരമ്പരാഗത ഔഷധങ്ങളിൽ ആദിവാസികളുടെ വംശ വൈദഗ്ദ്ധ്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

൪൪. വരുമാനം വർദ്ധിപ്പിക്കുന്നതിനായി, നികുതി പിരിച്ചെടുക്കുന്നത് ഗണ്യമായ തോതിൽ വർദ്ധിപ്പിക്കുന്നതിന്, വാണിജ്യ നികുതി വകുപ്പിൽ കർശന നടപടി എടുക്കുന്നതാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി മൂല്യവർദ്ധിത നികുതി വ്യവസ്ഥിതിയിലേക്കുള്ള പരിവർത്തനം ഈ വർഷം തന്നെ പൂർത്തിയാക്കുന്നതിന് ഉദ്ദേശിക്കുന്നു. മൂല്യ വർദ്ധിത നികുതിയിൽ നിന്നും പ്രതീക്ഷിച്ച വരുമാനം കുറഞ്ഞുപോയതിന്റെ കാരണങ്ങൾ കണ്ടെത്തുന്നതും പരിഹരിക്കുന്നതുമാണ്. ഈ ആവശ്യത്തിലേക്കായി ഓഡിറ്റ് അസസ്സ്മെന്റ് വിഭാഗവും ഇന്റലിജൻസ് വിഭാഗവും ശക്തിപ്പെടുത്തുന്നതാണ്.

100. സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളുടെ കമ്പ്യൂട്ടർവത്ക്കരണം പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ളതും അവശേഷിക്കുന്ന ഓഫീസുകൾ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും നടത്തുന്നതുമാണ്. എല്ലാ സബ് രജിസ്ട്രാർ ഓഫീസുകൾക്കും കെട്ടിടങ്ങൾ പണിയുന്നതിനുള്ള സമയബന്ധിതമായ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. ട്രഷറികളുടെ കമ്പ്യൂട്ടർവത്കരണം പൂർത്തിയായി കഴിഞ്ഞു. ഡയറക്ടറേറ്റിൽ സ്ഥാപിച്ചിട്ടുള്ള പ്രധാന സെർവറിലേക്ക് ഓരോ ദിവസവും എല്ലാ ട്രഷറികളിലേയുമുള്ള മുഴുവൻ വിവരങ്ങളും ഇപ്പോൾ പ്രവർത്തനത്തിലുള്ള ഡയൽ-അപ് സംവിധാനം വഴി അയയ്ക്കുന്നതിനു പുറമെ, ട്രഷറികൾ തമ്മിലുള്ള പരസ്പരബന്ധം സാദ്ധ്യമാക്കുന്ന വൈഡ് ഏരിയ നെറ്റ്‌വർക്കും ഉടൻതന്നെ ആവിഷ്ക്കരിക്കുന്നതാണ്.

101. യുവജനങ്ങളെ നശിപ്പിക്കുന്ന കഞ്ചാവിന്റെയും മറ്റു മയക്കുമരുന്നുകളുടെയും വ്യാപകമായ ഉപയോഗത്തിനെതിരായി എക്സൈസ് വകുപ്പ് സത്വര നടപടികൾ ആരംഭിക്കുന്നതാണ്. കഞ്ചാവ് കൃഷി തുടച്ചുനീക്കുന്നതിനായി വനം വകുപ്പിലെയും, പോലീസിലെയും, എക്സൈസ് വകുപ്പിലെയും ഉദ്യോഗസ്ഥന്മാരുടെ ഒരു സംയുക്ത സംഘം വനപ്രദേശങ്ങളിൽ റെയ്ഡുകൾ നടത്തുന്നതാണ്. വ്യാജമദ്യത്തിന്റെ ഉല്പാദനവും, വില്പനയും, ഉപയോഗവും നിരോധിക്കുന്നതിനായി ജില്ലാ/താലൂക്ക് കേന്ദ്രങ്ങളിൽ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ തുറക്കുന്നതാണ്. "എക്സൈസ് കോംപ്ലക്സ്" കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നതും ഇത് ഈ വർഷം അവസാനത്തോടെ പ്രവർത്തനസജ്ജമാകുന്നതുമാണ്.

**102.** ശാന്തമായ ക്രമസമാധാനാന്തരീക്ഷം കാത്തുസൂക്ഷിക്കുന്നതും ജനങ്ങളുടെ ജീവനും സ്വത്തിനും അവകാശങ്ങൾക്കും സംരക്ഷണം ഉറപ്പുവരുത്തുന്നതും എന്റെ സർക്കാരിന്റെ പരമപ്രധാനമായ കടമയാണ്. പോലീസ് അതിക്രമങ്ങളെക്കുറിച്ചുള്ള പരാതികൾ ഉചിതമായി കൈകാര്യം ചെയ്യുന്നതിനും പോലീസ് ഉദ്യോഗസ്ഥരുടെ പരാതികൾ പരിഹരിക്കുന്നതിനും ഒരു പോലീസ് കമ്മീഷൻ രൂപീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. പോലീസ് സേനയെ നവീകരിക്കുന്നതിന് മുൻസർക്കാരുകൾ നിയമിച്ചിട്ടുള്ള കമ്മിറ്റികൾ സമർപ്പിച്ച റിപ്പോർട്ടുകൾകൂടി പരിഗണിക്കുന്നതാണ്. പോലീസ് സ്റ്റേഷനുകളിൽ പോലീസ് മൂന്നാംമുറകൾ അവലംബിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ വേണ്ട എല്ലാ ശ്രമങ്ങളും നടത്തുന്നതാണ്. അതേ സമയം, മാഫിയ ഘടകങ്ങളെ അടിച്ചമർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. ഹൈവേപോലീസ്പട്രോൾ ടീമുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതും വെറുതെ പെറ്റികേസുകൾ ചുമത്തി ഹൈവേ പെട്രോൾ സംഘങ്ങൾ പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതുമാണ്

**103.** തീരദേശ സംരക്ഷണ പദ്ധതിയുടെ കീഴിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്തിയ പരിഗണന നൽകാനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. തീരദേശ സംരക്ഷണ പദ്ധതിയുടെ ഭാഗമായി, കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ കേരള തീരത്തുടനീളം, എട്ട് സ്ഥലങ്ങളിൽ തീരദേശ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതാണ്.

**104.** ക്രൈംബ്രാഞ്ച് സി. ഐ. ഡി. വിഭാഗത്തിലെയും, ലോക്കൽ പോലീസിലെയും അന്വേഷണ ഉദ്യോഗസ്ഥർക്ക് സാങ്കേതിക സഹായം നൽകുന്നതിനുവേണ്ടി പോലീസ് ആസ്ഥാനത്ത് ഒരു ഉയർന്ന സാങ്കേതിക കുറ്റാന്വേഷണ സെൽ സ്ഥാപിക്കുന്നതാണ്. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനും തടയുന്നതിനുമായി സുസജ്ജമായ ഒരു സൈബർ പോലീസ് സ്റ്റേഷൻ തിരുവനന്തപുരത്ത് ആരംഭിക്കുന്നതാണ്. അടിസ്ഥാന സൗകര്യ വികസന പരിപാടിയുടെ ഭാഗമായി പോലീസ് സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതും പോലീസ് ഉദ്യോഗസ്ഥർക്കും പോലീസ് സ്റ്റേഷൻ സന്ദർശിക്കുന്ന പൊതുജനങ്ങൾക്കും മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷവും മതിയായ സൗകര്യങ്ങളും സർക്കാർ ഉറപ്പുവരുത്തുന്നതുമാണ്.

**105.** നമ്മുടെ ജയിലുകളിലെ സ്ഥിതി മെച്ചപ്പെടുത്തേണ്ടതുണ്ട് എന്ന് എന്റെ സർക്കാരിന് ബോധ്യമുണ്ട്. ജയിലുകളുടെ നവീകരണ പദ്ധതിയിൻകീഴിൽ ഭാരത സർക്കാരിന്റെ സഹായത്തോടുകൂടി പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തുവരികയാണ്. ജയിലുകളിലെ വീഡിയോ കോൺഫറൻസിംഗ് നെറ്റ് വർക്കിന് പുതിയ പരിഗണന നൽകുന്നതും ജയിൽ ജീവനക്കാരുടെ താമസസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതുമാണ്.

**106.** കേരളത്തിൽ അഴിമതി ഉന്മൂലനം ചെയ്യുന്നതിനും സംസ്ഥാനത്ത് അഴിമതിരഹിത ഭരണം ഉറപ്പാക്കുന്നതിനും എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അഴിമതിവിമുക്ത സിവിൽ ഭരണം ഉറപ്പുവരുത്തുന്നതിന് എന്റെ സർക്കാർ അഴിമതിവിരുദ്ധ നിയമങ്ങളിലും ലോകായുക്ത നിയമങ്ങളിലും ഉചിതമായ ഭേദഗതികൾ കൊണ്ടുവരുന്നതാണ്.

107. എന്റെ സർക്കാർ, റോഡപകടങ്ങളുടെ ഭീതിജനകമായ വർദ്ധനവ് അതിന്റെ എല്ലാ ഗൗരവത്തോടുംകൂടി വീക്ഷിക്കുന്നു. ഇത് ലക്ഷ്യമാക്കിക്കൊണ്ട് ഡ്രൈവിംഗ് ടെസ്റ്റിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഡ്രൈവിംഗ് സിമുലേറ്ററുകളും ടെസ്റ്റ് ട്രാക്കുകളും പോലെയുള്ള ആധുനിക ഗാഡ്ജറ്റുകളോടുകൂടി ഡ്രൈവിംഗ് ടെസ്റ്റിംഗ് യാർഡുകൾ 14 കേന്ദ്രങ്ങളിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ആദ്യത്തെ വാഹന പരിശോധനാകേന്ദ്രം കോഴിക്കോട്ട് ചേവായൂരിൽ സ്ഥാപിച്ചുവരുകയാണ്. ജില്ലാ ആസ്ഥാനങ്ങളിൽ 5 വാഹന പരിശോധന കേന്ദ്രങ്ങൾകൂടി സ്ഥാപിക്കുവാൻ ഈ വകുപ്പ് ഉദ്ദേശിക്കുന്നു. ട്രാഫിക് ലംഘനങ്ങൾ കണ്ടുപിടിക്കുന്നതിന് റഡാർ നിരീക്ഷണ സംവിധാനം സ്ഥാപിക്കുന്നതിനും, ട്രാഫിക് പഠനം നടത്തുന്നതിനും, ട്രാഫിക് സൈൻ ബോർഡുകളും, സിഗ്നൽ ലൈറ്റുകളും, സ്റ്റിക്കറുകളും സ്ഥാപിക്കേണ്ട അപകട സാദ്ധ്യത കൂടുതലുള്ള പ്രദേശങ്ങളും, സ്ഥാനങ്ങളും കണ്ടുപിടിക്കുന്നതിനുമായി വിദഗ്ധ ഏജൻസികളെ ഏർപ്പെടുത്തുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

108. കാലതാമസമില്ലാതെ സേവനം നൽകുക എന്ന നയത്തിനനുസരിച്ച് റവന്യൂ വകുപ്പിലെ വിജിലൻസ് വിഭാഗം നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ എന്റെ സർക്കാർ സ്വീകരിക്കും. കോടതിയിൽ നിലവിലുള്ള കേസുകൾ വേഗത്തിൽ തീർപ്പാക്കിക്കൊണ്ട് നിയമപരമായി ഏറ്റെടുക്കുകയും വിതരണം ചെയ്യുകയും ചെയ്യേണ്ട മുഴുവൻ മിച്ചഭൂമിയും ഏറ്റെടുക്കുന്നതിന് എന്റെ സർക്കാർ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഈ ലക്ഷ്യം നേടുന്നതിന്

ഇക്കാര്യത്തിലുള്ള ഏത് നിയമ തടസ്സങ്ങളെയും തരണം ചെയ്യുന്നതിനായി റവന്യൂ വകുപ്പും, വനം വകുപ്പും ഏകോപനമായ രീതിയിൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. 1977 ജനുവരി 1-ന് മുമ്പ് വനഭൂമിയിൽ കാർഷിക പ്രവർത്തനങ്ങൾ തുടങ്ങിയ ആളുകളുടെ താല്പര്യം സംരക്ഷിക്കുന്നതും അവർക്ക് പട്ടയം നൽകുന്നതുമാണ്. എന്നാൽ, തുടർച്ചയായ വനഭൂമി കൈയേറ്റം ശക്തമായി തടയുന്നതാണ്. ഏതെങ്കിലും വ്യാജ പട്ടയങ്ങൾ ഉണ്ടെങ്കിൽ, അവ പുറത്തു കൊണ്ടുവരുന്നതിനായി പ്രത്യേക സംഘങ്ങൾ രൂപീകരിക്കുന്നതും കർശന നടപടികൾ സ്വീകരിക്കുന്നതുമാണ്. മിച്ചഭൂമി പിടിച്ചെടുക്കുന്നതിൽ കാലതാമസം വരുന്നതിനെക്കുറിച്ച് ഗൗരവമായ അന്വേഷണം നടത്തുന്നതും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതുമാണ്. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സർക്കാർ ഭൂമി പാട്ടത്തിന് നൽകിയത് സമയോചിതമായി പരിശോധിക്കുകയും പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്യും. പാട്ടഭൂമിയിലെ അനധികൃത പ്രവർത്തനങ്ങൾ ഗൗരവമായി എടുക്കുകയും ഭൂമി തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

**101.** പല വിധത്തിലുമുള്ള അപകട സാദ്ധ്യതകളുള്ള ഒരു സംസ്ഥാനമായിട്ടാണ് കേരളത്തെ, ഭാരത സർക്കാരിന്റെ ദുരന്ത സാദ്ധ്യതാ ഭൂപടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വരൾച്ച, വെള്ളപ്പൊക്കം, കടൽക്ഷോഭം, ഇടിമിന്നൽ, ഉരുൾപൊട്ടൽ, ഭൂകമ്പം എന്നിവ പോലെയുള്ള പ്രകൃതി ദുരന്തങ്ങൾ വർദ്ധിച്ചു വരികയാണ്. സംസ്ഥാനത്തുണ്ടായ ഭയാനകമായ സുനാമി ദുരന്തത്തിനുശേഷം, ഭാരത സർക്കാർ അനുവദിച്ച 1441.75 കോടി രൂപയുടെ സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി

ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ്, രണ്ട് വൻ പദ്ധതികൾക്ക് രൂപം കൊടുക്കുകയും, അവയ്ക്ക് അനുമതി നേടുകയും ചെയ്തു. ദുരന്ത നിവാരണത്തിനുള്ള പദ്ധതി ഫലപ്രദമായി ഏകോപിപ്പിക്കുന്നതിനും, നടപ്പിലാക്കുന്നതിനും എന്റെ സർക്കാർ ഒരു ഡിസാസ്റ്റർ മാനേജ്മെന്റ് നയം കൊണ്ടുവരുന്നതാണ്. ഭാരത സർക്കാരിന്റെ സജീവമായ സഹായത്തോടെ ചുഴലിക്കാറ്റ്, ഉരുൾപൊട്ടൽ മുതലായവയ്ക്ക് വേണ്ടിയുള്ള 'റിസ്ക് മിറ്റിഗേഷൻ ഡിസാസ്റ്റർ പ്രോഗ്രാമുകൾ' ഏറ്റെടുക്കുന്നതാണ്. ഒരു ഡിസാസ്റ്റർ മാനേജ്മെന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

110. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായും, ഭാരത സർക്കാർ വ്യവസ്ഥ ചെയ്ത പ്രകാരവും ഉള്ള മാസ്റ്റർ പ്ലാൻ അനുസരിച്ച്, ശബരിമലയിൽ ക്ഷേത്ര ദർശനത്തിനെത്തുന്ന തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് ആവശ്യമായ എല്ലാ സഹായവും എന്റെ സർക്കാർ ചെയ്യുന്നതാണ്. ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രം സന്ദർശിക്കാൻ വരുന്ന അനേകം തീർത്ഥാടകരെ കണക്കിലെടുത്ത്, ആ പ്രദേശത്ത് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിച്ച്, ആ പ്രദേശം വികസിപ്പിക്കുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. എന്റെ സർക്കാർ നിലവിലുള്ള ദേവസ്വം നിയമങ്ങൾ മൊത്തത്തിൽ പുനരവലോകനം നടത്തുന്നതും, നിയമങ്ങൾ പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതുമാണ്. മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുന്നതാണ്.

111. നിയമ പരിഷ്കരണത്തിന് കാര്യപരിപാടിയിൽ എന്റെ സർക്കാർ ഉയർന്ന മുൻഗണന നൽകാൻ ഉദ്ദേശിക്കുന്നു. നിലവിലുള്ള എല്ലാ നിയമങ്ങളും, അവയ്ക്ക് എന്തെങ്കിലും ഭേദഗതി ആവശ്യമാണോ എന്നും, അഥവാ, അവ ചില സംഗതികളിൽ അതേപടി നിലനിർത്തേണ്ടതുണ്ടോയെന്നും കണ്ടെത്തുന്നതിന് ശ്രദ്ധാപൂർവ്വം സൂക്ഷ്മപരിശോധന നടത്തേണ്ടതാണ്. ഈ ആവശ്യത്തിലേക്ക്, ജഡ്ജിമാരുടെയും, അഭിഭാഷകരുടെയും നിയമജ്ഞരുടെയും വൈദഗ്ദ്ധ്യവും പ്രായോഗിക പരിജ്ഞാനവും വിനിയോഗിച്ചുകൊണ്ട് ഒരു നിയമ പരിഷ്കരണ കമ്മീഷൻ രൂപീകരിക്കേണ്ടതുണ്ട്. നിയമ വകുപ്പിൽ മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുന്നതിനും, നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് സംസ്ഥാന ആക്റ്റുകളും, ചട്ടങ്ങളും മറ്റ് പ്രധാന ഉത്തരവുകളും, വിജ്ഞാപനങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് ലീഗൽ ഡാറ്റാ ബാങ്ക് രൂപീകരിക്കുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

112. 11-ാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. പദ്ധതി രൂപീകരണത്തിൽ, കേരളത്തിന്റെ പ്രത്യേക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് എന്റെ സർക്കാർ ശ്രമിക്കുന്നതാണ്. ഇതിനായി, ആസൂത്രണ കമ്മീഷന്റെ വിവിധ വർക്കിംഗ് ഗ്രൂപ്പുകളിൽ, സംസ്ഥാന പ്രതിനിധികളെ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാരിനോട് എന്റെ സർക്കാർ അഭ്യർത്ഥിക്കുന്നതാണ്.

113. പ്രത്യേക സാമ്പത്തിക മേഖലയുടെയും, ദേശീയ സ്ഥാപനങ്ങളുടെയും രൂപീകരണം സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങളിൽ ഉചിതമായ മാറ്റങ്ങൾ

വരുത്തുവാൻ എന്റെ സർക്കാർ പ്രയത്നിക്കുകയും, കേരളത്തെപ്പോലെ ഉയർന്ന ജനസാന്ദ്രതയുള്ള സംസ്ഥാനങ്ങൾ ഒഴിവാക്കപ്പെടാതിരിക്കാൻ ആവശ്യാധിഷ്ഠിത മാനദണ്ഡമനുസരിച്ച്, ഭൂമിയുടെ ആവശ്യകത നിർണ്ണയിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്യും. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ പലതും, കേരളത്തിന് യോജിച്ചവയല്ല. ആയതിനാൽ, മെച്ചപ്പെട്ട രീതിയിൽ ഈ പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നതിലേക്കായി, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിലവിലുള്ള ഘടനയിൽ അനുയോജ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുവേണ്ടി കേന്ദ്ര സർക്കാരുമായി, എന്റെ സർക്കാർ ആശയവിനിമയം നടത്തുന്നതാണ്.

114. സ്ത്രീകളുടെ അവകാശങ്ങൾ തിരിച്ചറിയുന്നതിൽ രാജ്യത്തിൽ കേരളത്തിനുണ്ടായിരുന്ന പ്രധാന സ്ഥാനം ഇന്ന് വെല്ലുവിളികളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഉദാരവൽക്കരണം, സ്ത്രീകളെ ചൂഷണം ചെയ്യുന്ന പൈശാചിക ശക്തികളെ കെട്ടഴിച്ചുവിടുന്നുണ്ട്. സ്ത്രീകളുടെ അന്തസ്സും അവകാശങ്ങളും ഉയർത്തിപ്പിടിക്കുന്നതിന് എന്റെ സർക്കാർ കഴിവുള്ളതെല്ലാം ചെയ്യുന്നതും സ്ത്രീകളെ ചൂഷണം ചെയ്യുന്നതിന് പ്രേരിപ്പിക്കുന്നവരെയും, ഏജന്റുമാരെയും എല്ലാ ശക്തിയുമുപയോഗിച്ച് നിർദാക്ഷിണ്യം ശിക്ഷിക്കുന്നതിന് യാതൊരു മടിയും കാണിക്കുകയും ചെയ്യില്ല. കൂടാതെ, വികസന രംഗത്തും ലിംഗപരമായ നീതി ഉറപ്പാക്കുന്നതാണ്. ഈ ലക്ഷ്യത്തിലേക്കായി ഘട്ടം, ഘട്ടമായി 'ജെന്റർ ബഡ്ജറ്റിംഗ്' നടപ്പിലാക്കുന്നതാണ്.

115. എന്റെ സർക്കാർ ഏറ്റെടുക്കാനുദ്ദേശിക്കുന്ന പ്രവർത്തനോദ്ദേശങ്ങളുടെ ഒരു നീണ്ട പട്ടികയെ കുറിച്ച് ഞാൻ ഒരു രൂപരേഖ തന്നു കഴിഞ്ഞു. ഈ ആധികാരിക പ്രഖ്യാപനത്തിലൂടെ,

പ്രകടന പത്രികയിൽ നൽകിയ വാഗ്ദാനങ്ങളെല്ലാം ഔപചാരികമായ നയപ്രഖ്യാപനങ്ങളായി മാറ്റി കഴിഞ്ഞിട്ടുണ്ട്. മാറ്റത്തിനും, വികസനത്തിനുമായുള്ള നിർദ്ദേശങ്ങളുടെ വ്യാപ്തിയും, സത്യസന്ധതയും കാണുന്നതിൽ ഞാൻ സന്തുഷ്ടനാണ്. ഇത്, എന്റെ സർക്കാരിന്റെ വ്യക്തമായ കാഴ്ചപ്പാടിനെ സൂചിപ്പിക്കുന്നതുമാണ്. ഈ പാവനമായ പ്രതിബദ്ധത പ്രവൃത്തിപഥത്തിലെത്തിക്കാൻ കഴിയുമെന്ന് എനിക്ക് ഉറച്ച വിശ്വാസമുണ്ട്. എന്റെ സർക്കാർ, ഏറ്റെടുത്ത ദൗത്യം വളരെ വലുതും, ഉദ്യമങ്ങൾ അസംഖ്യവും, സാമ്പത്തിക സ്ഥിതികാരണം പ്രയാസമേറിയതുമാണ്. എങ്കിലും, കേരളത്തിലെ ജനങ്ങളുടെ സഹായത്തോടെ വാഗ്ദാനങ്ങൾ നിറവേറ്റുവാൻ അതിനു കഴിയുമെന്ന് എന്റെ സർക്കാരിന് ആത്മവിശ്വാസമുണ്ട്. എന്റെ സർക്കാർ പിന്തിരിഞ്ഞു നോക്കുന്നത് കാര്യങ്ങൾ പഠിക്കുവാനായി മാത്രമായിരിക്കുമെന്നും, പ്രവൃത്തിക്കുന്നതിനു മാത്രമായി മുന്നോട്ടു നീങ്ങുമെന്നും എനിക്ക് നിങ്ങൾക്ക് ഉറപ്പു തരാൻ കഴിയും. എന്റെ സർക്കാർ ഓരോ ദിവസങ്ങളിൽ നിന്ന് കുറ്റമൊപ്പുക മാത്രമല്ല, ഓരോ ദിനങ്ങളിലും പുതുമ കൊണ്ടുവരുകകൂടി ചെയ്യുന്നതാണ്.

ജയ് ഹിന്ദ്